
Reg. No. T. 125. D. Dis. No. 24074/50/ C. S. Dated 22-9-1949.

# വികടകേസരി

## രാഷ്ട്രീയ വിനോദമാസിക



ശക്തിസംഭരണമാണ് നമ്മുടെ പ്രധാന കർത്തവ്യം ശ്രീ. കമ്പളം.

വരിസംഖ്യ മുൻകൂർ] പത്രാധിപർ: ആർ. കൃഷ്ണൻനായർ. ഒറ്റപ്രതി 3 ണ.

WHEN YOU HAVE TO BUY OR SELL ANYTHING IN JEWELLERY,
*PLEASE CONSULT*

# T. S. S. MANI & CO.,

**JEWELLERS AND DEALERS IN PRECIOUS STONES**

Tel. SELVAM — MAIN ROAD, TRIVANDRUM. — Phone 611

*Our Speciality:*



Reliable and Fashionable

Ornaments and Silverwares
Made to suit everyone's
TASTE and PURSE



## A TRIAL WILL CONVINCE

*Working Hours:-* 9-30 A. M. To 1-30 P. M.
4-30 P. M. To 8- P. M.

Every Saturday
Holiday

## ധന്വന്തരി വൈദ്യശാല, തൊടുപുഴ. H. O. തൊടുപുഴ

ബ്രാഞ്ചുകൾ:—വാഴക്കുളം, പാലാ, എറണാകുളം, കോട്ടയം, വൈക്കം, പൂഞ്ഞാർ, തിരുവനന്തപുരം; തൃപ്പൂണിത്തുറ, പെരുമ്പാവൂർ, കോതമംഗലം, മൂവാറ്റുപുഴ, നാഗർകോവിൽ, കാഞ്ഞാർ, ചങ്ങനാശേരി, ആലപ്പുഴ, കൊല്ലം, ആലുവാ, പറവൂർ, പൊൻകുന്നം, തിരുവല്ലാ, തൃശ്ശൂർ, കോഴിക്കോട്ട്, ചേർത്തല, മുണ്ടക്കയം, ഈരാറ്റുപേട്ട; കുത്താട്ടുകുളം, പിറവം, മാവേലിക്കര, കായംകുളം, കൊട്ടാരക്കര, ആറ്റിങ്ങൽ, നെയ്യാറ്റിൻകര, മദ്രാസ്, കൊച്ചി, ഇടപ്പള്ളി, പന്തളം, തക്കല, പുനലൂർ, കിളിമാനൂർ, നെടുമങ്ങാട്ട്.

### ച്യവനപ്രാശം ലേഹ്യം റാത്തൽ 1-ന് 3 രൂപ

ക്ഷീണശരീരങ്ങൾക്കു ബലം, ആരോഗ്യം, ഇവകളെ വർദ്ധിപ്പിക്കുവാൻ വളരെ വിശേഷം. കാസം, ശ്വാസം, ജ്വരം, പ്രമേഹം, മൂത്രരോഗം, ശുക്ലദോഷം, ഒച്ചയടപ്പ്, രക്തവാതം, ഇവകളെ നശിപ്പിക്കുകയും, ശരീരകാന്തി, ബുദ്ധിശക്തി, ഓർമ്മശക്തി ഇവകളെ ഉണ്ടാക്കുകയും ചെയ്യും. ഒരുരൂപാ തൂക്കംമുതൽ രണ്ടുരൂപാ തൂക്കംവരെ ഉപയോഗിക്കാം.

കൂടാതെ ഏറ്റവും നിഷ്കർഷയിലും സൂക്ഷ്മതയോടും തയാർ ചെയ്തിട്ടുള്ള പ്രധാനപ്പെട്ട എല്ലാ ആയുർവ്വേദ ഔഷധങ്ങളും എപ്പോഴും തയ്യാറുണ്ട്.

കൂടുതൽ വിവരം അറിയണമെന്നാഗ്രഹിക്കുന്നവർ ഔഷധവിവരപട്ടികയ്ക്കു മുകളിൽ കാണുന്ന വിലാസത്തിലെഴുതുക.

# VIKATAKESARI

വാല്യം 1 | കന്നി—അക്ടോബർ 1950 | ലക്കം 11-12


കേസരിവീക്ഷണം

## ★ അതിനുശേഷം ★

അതിനുശേഷം അവർ എന്താണു ചെയ്യാൻപോകുന്നതെന്നും അവരെ എന്താണ് ചെയ്യാൻപോകുന്നതെന്നും തീർത്തുപറയാറായിട്ടില്ല. വാസവദത്തയെപ്പോലെ കരചരണാദികൾ ഛേദിച്ചു തിരുവനന്തപുരത്തു ചുടുകാട്ടിൽതന്നെ തള്ളിക്കളഞ്ഞാൽ എന്താ തരക്കേട് എന്നൊരു അഭിപ്രായഗതിക്കാരായി. എന്നാൽ അതിനുശേഷം എന്താണു ചെയ്യേണ്ടതെന്നാണ് ഞങ്ങളുടെ ചോദ്യം? കരചരണങ്ങൾ ഛേദിച്ചിട്ടും വാസവദത്ത ചത്തില്ല. പിന്നെയും ആ പെമ്പിള അവിടെക്കിടന്നു ചിരിക്കയും കരകയും ചെയ്തെന്നും, ഉപഗുപ്തൻ രഹസ്യമായി ചെന്നുപററിയെന്നും ചില്ലറയെന്തോ ഒക്കെ നടന്നെന്നും ജനസംസാരം കിടക്കുന്ന സ്ഥിതിക്കു അറുത്തുവാരി എറിഞ്ഞെന്നുവച്ചു കാര്യം സിദ്ധിക്കുമെന്നു തീരുമാനിച്ചുകൂടാ. ഒരു പക്ഷെ അവിടെ കിടന്നു അവരിൽ ചിലർ ഭരണിപ്പാട്ടുപാടും, ചിലർ കള്ളച്ചെക്ക് എഴുതും, ചിലർ പഞ്ചസാരച്ചാക്കു മോഷ്ടിക്കും, ചിലർ ഉദ്യോഗനിയമനം നടത്തും, ടെക്സ്റ്റുബുക്കു മോഷ്ടിക്കും, പുഴുവൽ പതിച്ചെടുക്കും, മകളെ കെട്ടിക്കും, അച്ചിയെ കൈമാറും; പിന്നെയും മറേറ നരയന്റെ തോളിൽ കയറി തിരിയെവരും. അതിനുശേഷം വീണ്ടും നാട്ടിൽ പൊറുതികേടായിത്തീരും. അതുകൊണ്ടു കാര്യം നിസ്സാരമല്ലെന്ന് നാം മനസ്സിലാക്കണം. എന്നാൽ ഇതിനിടയിൽ ഇനി ഇതിനൊരു മറുവശം ഉള്ളതുകൂടി പറഞ്ഞേക്കാം. അവരെല്ലാം കായംകുളം കൊച്ചുണ്ണികളാണ്. കണ്ടാലും അങ്ങനെയാണല്ലോ. ഒടുവിൽ മുഹൂർത്തം അടുക്കുമ്പോൾ അഞ്ജനം ഇട്ടുനോക്കിയാലും കാണാൻ കഴിയുന്നതല്ല. ഒളിക്കാനുള്ള സ്ഥലങ്ങളും ഓടാനുള്ള വഴികളും അവർ നോക്കിവച്ചിരിക്കയാണ്. രാത്രികാലങ്ങളിൽ എന്നും അവർ ഒരുമിച്ചുകൂടി ഈ കാര്യം ആലോചിക്കുന്നുണ്ട്. കഴിഞ്ഞ മൂന്നുമാസമായി അവരുടെ മുഴുവൻ സമയവും ആ ആലോചനയിൽ മുഴുകിപ്പോയിരിക്കയാണ്. അതാണ് അരി വരുത്തുന്ന കാര്യംപോലും മറന്നുപോയതു്. ഏതായാലും സംഗതി 'സ്റ്റീംറോളർ നേതാവു്' ഡെൽഹിയിൽ തീരുമാനിച്ചുകഴിഞ്ഞു. നെയ്യാററിൻകരയും നെടുമങ്ങാട്ടും ഉപതിരഞ്ഞെടുപ്പു തോററതിനല്ല കേസ്. ഗുസ്തിമാക്കിന്റെ പ്രസിഡണ്ട്സ്ഥാനത്തിനാണ്. എതിരായി മണക്കാടനും കല്ലുക്കോണത്തു അലിയാരും പെററിഷൻ കൊടുത്തിരിക്കുന്നു. ഗുണ്ടായിസം മാത്രം കൊണ്ടു കാൺഗ്രസ്സിന്റെ അന്തസ്സു പരിപാലിക്കാമെന്നും കരിഞ്ചന്തകൊണ്ടു കാലക്ഷേപത്തിനു വേണ്ടതു നേടാമെന്നും, നിരാഹാരംകൊണ്ടു രാജ്യം സ്വയം പര്യാപ്തമാക്കാമെന്നും കാണിച്ചുകൊടുത്ത അവരെ 'വലിയണ്ണൻ' അങ്ങോട്ടുവിളിച്ചുകൊണ്ടു പോകാൻ നിശ്ചയിച്ചിരിക്കയാണെന്നും അങ്ങു കൊണ്ടുപോയാൽ നിലം തൊടുവിക്കില്ലെന്നും ഒക്കെയാണ് പറച്ചിൽ. അതെന്തായാലും അതിനുശേഷം ഈ നാട്ടിൽ ഉള്ള ജനങ്ങൾക്കു നല്ല വായു ശ്വസിക്കാനും നാലുപേർക്കൊപ്പം സത്യമായി ജീവിക്കാനും കഴിഞ്ഞെച്ചാൽമതി. വരുന്ന ഭരണാധികാരി ആരോ ആയിക്കൊള്ളട്ടെ. താണുനോ, തണ്ടാനോ, വരട്ടെ. അതല്ലെങ്കിൽ അവരുടെ ഒക്കെ ചെല്ലം ചുമക്കുന്ന—ഡമ്പലഗുണ്ടൻ വി. പി. മേനോൻ വന്നിരുന്നു ഭരിക്കട്ടെ. എന്നാലും എന്റപ്പോ, ഇങ്ങനെ പെരിഞ്ചക്കോടന്മാരായ മന്ത്രിമാരുണ്ടാകാതെപോകട്ടെ—ശരി അതു് അങ്ങനെയായി. ഭരണം വീണ്ടും ഒരുത്തന്റെ കൈവശമായി. ഒരു രാജാവും മന്ത്രിയുമായി എന്നിരിക്കട്ടെ. അതിനുശേഷം പിന്നെയും ഈ രാജ്യത്തു് അസംബ്ളിയും അലങ്കോലക്കാരായ മെമ്പറന്മാരും വേണമോ ഭഗവാനേ, എന്റെ ഗോപാലകൃഷ്ണാ, നീ എത്ര എത്ര ഉറികളെ

അടിച്ചുടച്ചുവന്നാണു്. ഇവിടത്തെ ഈ അസംബ്ളി മന്ദിരം എടുത്തു മൂടകറക്കി എറിയാത്തതെന്തു്.

എവിടെയോ കിടന്ന എത്ര എത്ര ഈനാംപേച്ചികൾ എല്ലാം രാജ്യഭരണം നടത്താനുള്ള മെമ്പറന്മാരായി വന്നിരിക്കുന്നു. ചിലതിന്റെ അടുക്കൽ ചമ്പനാററം നിമിത്തം അടുക്കാൻ വിഷമം. ചിലക്കു ചെകിത്തയില്ല. ചിലക്കു എഴുത്തറിഞ്ഞുകൂടാ, ചിലർ മിണ്ടുകയില്ല. ചിലക്കു ഏതെങ്കിലും ചിററുവേണം, ചിലക്കു ആരെങ്കിലും കൂട്ടുവേണം,—എന്തിനു പറയുന്നു എല്ലാവക്കും പണംവേണം. ഭരണം വേണം ഇപ്പോളെങ്കിലും സംഗതി മനസ്സിലാക്കി ഭരണം വേറെ ആണുങ്ങളെക്കൊണ്ടു നടത്തിക്കുമെന്നു അറിയുന്നതിൽ ഞങ്ങൾ സന്തോഷിക്കുന്നതോടൊപ്പം ഈ എം. എൽ. ഏ. നാടകംകൂടെ അങ്ങു നിറുത്തിവയ്ക്കണേ എന്നാപേക്ഷിക്കയും ചെയ്യുന്നു.

അതിനുശേഷം വേണ്ടതു ഞങ്ങൾ പറഞ്ഞുതരാം. ഉദ്യോഗസ്ഥന്മാരുടെ അഹങ്കാരം ഒന്നാമതായി നിറുത്തണം. അഴിമതിനിരോധന ഉദ്യോഗസ്ഥന്മാരെയും, അഹങ്കാരനിരോധന ഉദ്യോഗസ്ഥന്മാരെയും; മദ്യനിരോധന ഉദ്യോഗസ്ഥന്മാരെയും, മന്ത്രിനിരോധന ഉദ്യോഗസ്ഥന്മാരെയും ഉടനേ നിയമിക്കണം. (മന്ത്രിനിരോധന ഉദ്യോഗസ്ഥൻ മന്ത്രി സ്ഥലംവിട്ടുപോകാതെ നോക്കിക്കൊള്ളാനാണു്) ഈ പറഞ്ഞ എല്ലാ നിരോധന ഉദോഗസ്ഥന്മാരും ഹൈക്കോട്ടതിയുടെ കീഴിലായിരിക്കണം. ഗവണ്മെൻറു കണ്ണുചുവപ്പിക്കുമ്പോൾ കാലിളകിപ്പോകാതിരിക്കാൻ അതുവേണം. ഹൈക്കോടതിയുടെ മേൽ ഗവണ്മെൻറിനു അധികാരം പാടില്ല. ഈ പറഞ്ഞ നിരോധന ഉദ്യോഗസ്ഥന്മാർ ഒന്നരമാസം നട്ടെല്ലുസൂപ്പുകുടിച്ചുകൊണ്ടു അവരുടെ ജോലിയിൽ ഏർപ്പെടണം. കാണാം ഒരു കളി. എത്ര എത്ര വീരന്മാരും വീരശ്രീകളും, രാജശ്രീകളും സഖാക്കളും, ബഹു:ക്കളും സലാം പറയുമെന്നു അപ്പോൾ കാണാം. നാടുനന്നാകുന്നതു് അപ്പോൾ കാണാം. ശരി, അതുകൊണ്ടു് ആ കാര്യം നടപ്പാക്കാൻ പരിശ്രമിക്കുവിൻ. അതിനുശേഷം വേണ്ടതു അതിനുശേഷം കേട്ടോ? ഈ സംഗതി ഒന്നു ചിന്തിക്കണേ,

---


# കദളീരസായനം

സ്ത്രീപുരുഷന്മാരുടെ മൂത്രത്തിൽകൂടി ആദ്യം വെള്ളനിറത്തിലും, വർദ്ധിച്ചാൽ മഞ്ഞനിറത്തിലും, മുററിപ്പോയാൽ രക്തം കലന്നും പ്രായേണ ദുർഗന്ധത്തോടുകൂടിയും സ്രാവം ഉണ്ടാകാറുണ്ടു്. ശരീരത്തിൽ എപ്പോഴും ചൂടു്, വായ്ക്കുവരൾച, തലച്ചുററു്, വെള്ളദ്ദാഹം, വയററുകത്തൽ, കൈകാലുകൾക്കു് നീററലും കഴപ്പും, നടുവുകഴപ്പു് ഇത്യാദി വികാരങ്ങൾ ഉണ്ടായി ക്രമേണ ദേഹം മെലിഞ്ഞു്, ഓജസ്സു് ക്ഷയിച്ചു്, ജീവിതംതന്നെ ഒരു ഭാരമായിത്തീന്നു് നരകദുരിതം അനുഭവിക്കുന്നവക്കു് ഇതു് ഒരു ദിവ്യൗഷധമാണു്. വില ഒരു റാത്തലിനു് രൂപ ൨.

മാനേജർ,

**ശ്രീ. ആത്രേയാശ്രമം**

ആയുർവ്വേദ വൈദ്യശാല, കൈതമുക്കു്,

തിരുവനന്തപുരം.

# കോൺവക്കേഷൻ നാടകം

— സൈറൺ —

ഞാനും പോയി. കോൺവക്കേഷൻ കാണാൻ. ഞാനും കണ്ടു. കോൺവക്കേഷൻ നാടകം. പുറത്തു നിന്നുകൊണ്ടു്! "പാസ്സാ"യാലും പോരാ "പാസ്സ്" കയ്യിലുള്ളവരേയേ അകത്തു കടത്തുകയുള്ളു. വേലിയെടുത്തു ചാടാൻ ഞങ്ങൾ ചിലർ പ്ലാനിട്ടു. പക്ഷേ ജീവനിലുള്ള ആശകൊണ്ടു് അതു വേണ്ടെന്നുവച്ചു. നോക്കുന്നിടത്തെല്ലാം പോലീസുകാർ. ഒന്നു ചുമയ്ക്കാൻ ഭാവിച്ചാൽ 'ചുമയ്ക്കരു'തെന്നു പറയാൻ ഒരു പോലീസുകാരൻ! ഒന്നു തുപ്പാൻ ഭാവിച്ചാൽ 'തുപ്പരു'തെന്നു പറയാൻ വേറൊരു പോലീസുകാരൻ! ഒന്നു തലചൊറിയാൻ ഭാവിച്ചാൽ 'ചൊറി'യരുതെന്നു പറയാൻ മറ്റൊരു പോലീസുകാരൻ! എന്നു വേണ്ടാ പോലീസുകാരേക്കൊണ്ടു പൊറുതിമുട്ടി.

അമ്മച്ചിമാരും അങ്ങുന്നന്മാരും കാറിലും ജഡ്കയിലും വന്നു മറിയുകയാണു്. കുടത്തുണിയും വാരിവലിച്ചു പുറത്തിട്ടുകൊണ്ടു് ഡിഗ്രിയെടുക്കാൻ വന്നിറങ്ങുന്ന മേനകമാരേയും ദേവേന്ദ്രന്മാരേയും കണ്ടു് ഞാൻ മിഴിച്ചു. കാറുകളുടെ ഒരു പ്രളയമായിരുന്നു അതു്. എല്ലാം വാലവാലേ വന്നു് അകത്തു കടക്കുകയാണു്. മന്ത്രിമാരുടെ കൊടിയുള്ള ആനവണ്ടികളും ഇടയ്ക്കിടെ കാണാം. പ്രിൻസിപ്പാളന്മാർ! പ്രൊഫസറന്മാർ! ചുമ്മാപ്രമാണികൾ എന്നുവേണ്ടാ ഉള്ളവനും ഇല്ലാത്തവനും വേണ്ടവനും വേണ്ടാത്തവനുമെല്ലാം അവിടെക്കൂടിയിരിക്കുന്നു. പത്രപ്രവർത്തകന്മാരുടെ ശല്യം അവിടെ വളരെ കൂടുതലായിരുന്നു.

ഓരോരുത്തരേയും ചെക്കുചെയ്തു് അകത്തു വിടാനായി പോലീസ് കിങ്കരന്മാർ കാവലുണ്ടു്. വടക്കുപടിഞ്ഞാറുഭാഗത്തുള്ള പ്രധാന ഗേററിൽക്കൂടിയായിരുന്നു മിക്കവരും അകത്തു കടന്നതു്. അവിടെയായിരുന്നു പോലീസ് തടിമാടന്മാർ അധികവും നിന്നു വിലസിയിരുന്നതു്. മടങ്ങിയ തൊപ്പിയുള്ളവർ, മടങ്ങാത്ത തൊപ്പിയുള്ളവർ, സായിപ്പിൻെറ തൊപ്പിയുള്ളവർ, ലാത്തിധാരികൾ, തുടങ്ങിയ ദുഷ്ടമൃഗങ്ങളാലും കാഴ്ചക്കാരായ കാളേജുപിള്ളരാലും സെക്രട്ടറിയേററിൻെറ പരിസരങ്ങൾ കമനീയമായി അലങ്കരിച്ചിരുന്നു.

പാസ്സുള്ള കാറുകളേ മാത്രമേ അകത്തു വിട്ടുള്ളു. കൈനിക്കര കുമാരപിള്ളയും മകളും ഗൗണിലും അദ്ദേഹത്തിൻെറ ഭാര്യ സാധാരണ ഡ്റസിലുമാണു് വന്നെത്തിയതു്. കാറിലല്ല, ഒരു വെറും ജഡ്ക്കയിൽ. അവർ അകത്തു കടന്നുപോയി. അപ്പോൾ തെക്കേ ഗേററിലേക്കു് ഒരു കാർ ഇരച്ചു പാഞ്ഞുപോയി. ഫുൾ ഗൗരവത്തിൽ—ഫുൾ സൂട്ടിൽ ഇളയ രാജാവു് അതിൽ ഇരുന്നിരുന്നു. ഒരു 'അഞ്ചര'മിനിട്ടു കഴിഞ്ഞപ്പോൾ പനമ്പള്ളിയും കാറുംകൂടി തെക്കേ ഗേററിലേക്കു് പാഞ്ഞുപോയി.

അതാ വരുന്നു കുഞ്ഞിപ്പട്ടാളം എൻ. സി. സി.! കാക്കിധരിച്ച തളന്ന കാളേജുപിള്ളർ മാർച്ചുചെയ്തുപോകുന്ന പോക്കുകണ്ടാൽ ഹൃദയമുള്ളവരാരും കരഞ്ഞുപോകും. പക്ഷേ ഞാൻ മാത്രം കരഞ്ഞില്ല. അങ്ങനെ അവിടെയും എൻെറ ധീരത ഞാൻകാണിച്ചു.

നിശ്ശബ്ദത! ഒരു ഷൂളംവിളി! ഒന്നിനുപുറകേ ഒന്നായി അനേകം ഷൂളംവിളികൾ! ഒരു പൈലററുകാർ പറന്നുവന്നു. പിറകേ രാജപ്രമുഖൻ മനോഹരമായ ഒരു കാറിൽ വന്നെത്തി. എല്ലാവരും അദ്ദേഹത്തെ തൊഴുതു. ആ ദയാനിധി സവിനയം എല്ലാവരെയും മുഖം കുനിച്ചു് പുഞ്ചിരിയോടെ തൊഴുതു. വിനയം എന്താണെന്നു് മന്ത്രിമാർ നമ്മുടെ രാജപ്രമുഖനേക്കണ്ടു പഠിച്ചിരുന്നെങ്കിൽ!

ഒരുകാര്യം പറയാൻ വിട്ടുപോയി. സ്റേററു ഫോഴ്സ് കമാണ്ടർ അല്ല. തെററിപ്പോയി ക്യാപ്ററൻ ഒരു പത്മനാഭൻ നായരുണ്ടു്. സിമ്പ്ളൻ! ഗൗരവക്കാരൻ! ജോറായി വസ്ത്രധാരണംചെയ്തു്—എന്നുവച്ചാൽ ഫുൾസൂട്ടിൽതന്നെ കാറിൽ പറന്നുവന്നു് ഗേററിലെത്തി. 'ചരട്ടു് നിത്തവിടെ'. പോലീസുകാരൻ തടഞ്ഞു. കാർ അകത്തേയ്ക്കുവിട്ടില്ല. ഫുൾപവ്വറിൽ വന്ന മി. നായക്കു സഹിക്കുമോ ഇതു്. അദ്ദേഹംകാറിൽനിന്നു് 'ചാടാ'ന്നിറങ്ങി വാതിൽ ഗൗരവത്തിൽ വലിച്ചടച്ചിട്ടു് ഇൻസ്പെക്ടരുടെ അടുത്തേക്കു ചാടിച്ചെന്നു. ഇൻസ്പെക്ടരേ അടിച്ചുകളഞ്ഞേക്കുമോ എന്നുപോ

ലും ഞങ്ങൾ സംശയിച്ചു. അയാൾ ഇൻസ്പെക്ടരുടെ നേരേ തട്ടിക്കേറി. ഞങ്ങൾക്കു രസംകൂടി. ഇൻസ്പെക്ടർ, പത്മനാഭൻനായർക്കു കലികേറത്തക്കവണ്ണം കളിയാക്കിച്ചിരിച്ചുകൊണ്ടു് ഇംഗ്ലീഷിൽതന്നെ അന്തസ്സായി അങ്ങോട്ടും തട്ടിക്കേറി. ന്യായവാദം കുറെ മൂത്തു. 'പാസ്സില്ലാതെകാറകത്തു വിടുകയില്ല. നിങ്ങൾക്കുവേണമെങ്കിൽ അകത്തുപോകാം' എന്നു് ഇൻസ്പെക്ടർ തീർത്തുപറഞ്ഞു. ബ്ലീച്ചായി മി. നായർ അകത്തുപോയി. 'കാറു തിര്യെക്കൊണ്ടുപോ' ഡ്രൈവറോടു് പോലീസ് ആജ്ഞാപിച്ചു. യജമാനൻ പറയാതെ തിര്യെ കൊണ്ടുപോകില്ല' അവൻ ശഠിച്ചു. ഏതായാലും ഒടുവിൽ എല്ലാം രമ്യമായി പരിണമിച്ചു എന്നു പറഞ്ഞാൽ കഴിഞ്ഞല്ലോ.

കാറുകളുടെ ഇടയ്ക്കു് ഒരു ജീപ്പിൽ "മന്മഥനും കളത്തിലും" മററും ഇരുന്നു് വരുന്നുണ്ടായിരുന്നു. രണ്ടും വെള്ളവേഷത്തിൽ. കുറച്ചുനേരം ഗേററിൽ കാത്തുനില്ക്കേണ്ടിവന്നെങ്കിലും ഒടുവിൽ അവരും അകത്തുപോയി.

ഞാനും എന്റെ സ്നേഹിതൻ ഇന്നാരുംകൂടി അകത്തുകടക്കാൻ പഴുതില്ലാതെ വിഷമിച്ചുനില്ക്കയാണു്. അപ്പോൾ ഒരു ഭാഗ്യത്തിന്റെ കഷണം വന്നു് ഞങ്ങടെ മുമ്പിൽ ചാടി ഗൗൺ വാടകയ്ക്കു് കൊടുക്കാൻ വന്ന ഒരു മൂപ്പിലാൻ! അയാളുടെ പക്കൽ രണ്ടുപാസ്സുമുണ്ടു്. ഞങ്ങൾ കരിഞ്ചന്തയിൽ അതു വിലയ്ക്കുവാങ്ങാൻ തീരുമാനിച്ചു. ഞാൻ എന്റെ സ്നേഹിതന്റെ പോക്കററിൽ കയ്യിട്ടു. ആറരചക്രവും രണ്ടുബീഡിയും! അതയാൾക്കങ്ങുകൊടുത്തു. പാസ്സു് രണ്ടു കയ്യിലായി. ഞങ്ങൾ ഒന്നു ഞെളിഞ്ഞു് അന്തസ്സായിത്തന്നെ തലയുയർത്തി നെഞ്ചുവിരിച്ചു്-അപ്പോൾ ഞങ്ങളേക്കണ്ടാൽ ആരാണെന്നുതോന്നും-അകത്തു കടന്നു.

N. C. C. യുടെ ഗാർഡ് ഓഫ് ഓണർ പരിശോധിച്ചിട്ടു് ഹൈനസ്സും നന്ദൻമേനോനും മററും അകത്തു കടന്നിരുന്നു. അപ്പോഴേക്കു് ഞങ്ങളും അകത്തുകടന്നു................

ഹെടാ ഭഗവാനേ! ബാല്ക്കണി ഒരു വിഷുക്കണിപോലെ തോന്നി ഞങ്ങൾക്കു്. ബാൽക്കണി പൂന്തേൻവാണികളാൽ നിറഞ്ഞുതുളുമ്പിയിരുന്നു. പിടയ്ക്കുന്ന മീനുകളേപ്പോലുള്ള അവരുടെ കണ്ണുകൾ താഴെമേല്പോട്ടു തലയും തിരിച്ചിരിക്കുന്ന യുവസുന്ദരന്മാരേ ഞെളിപിരികൊള്ളിച്ചിരുന്നു തങ്കമ്മമാർ! പൊന്നമ്മമാർ! കൊച്ചമ്മമാർ! കുഞ്ഞമ്മമാർ! വല്യമ്മമാർ! രത്നമ്മമാർ! സരസമ്മമാർ! ഹര!ഹര! അവരുടെയൊക്കെ ഭാവമൊന്നുകാണണം. സ്വർഗ്ഗത്തുനിന്നു പൊട്ടി വീണതാണോ എന്നുതോന്നും.

പതിനാലാമത്തു കോൺവക്കേഷനാണതെന്നും മററും നന്ദൻമേനോൻ പറഞ്ഞപ്പോൾ ഞങ്ങൾ സ്റ്റേജിലേക്കു നോക്കി. കൊള്ളാവുന്നവർ അവിടെ നിരന്നിരിക്കുന്നു. സന്ദർശകന്മാരായി പട്ടം, ടി. എം., മന്നം, എൻ. ഗോവിന്ദമേനോൻ തുടങ്ങി എല്ലാ ഇസക്കാരും എല്ലാ 'ഈയ'ക്കാരും എല്ലാം അവിടെ നിരന്നിരുന്നു.

നന്ദൻമേനോൻ പിള്ളാരോടു് ചില ചോദ്യങ്ങൾ! എല്ലാത്തിനും തത്തകളെപ്പോലെ "I do promise" എന്നാ ഉത്തരം അവർ ഒരേ സ്വരത്തിൽ വിളിച്ചുപറഞ്ഞു. പ്രിൻസിപ്പാളന്മാർ പിന്നീടു് ഓരോ വിദ്യാർത്ഥികളുടെ പേരുപറഞ്ഞു എല്ലാവർക്കും ഡിഗ്രി


രണ്ടു പുതിയ പുസ്തകങ്ങൾ

"വെള്ളാമ്പലുകൾ"

പത്തു സുന്ദരകഥകളുടെ സമാഹാരം. വില ഒരു രൂപാ.

"അദ്ധ്യാപകൻ" ഹൃദയസ്പൃശിയായ ഒരു നാടകം. N. കൃഷ്ണപിള്ള എം. എ യുടെ അവതാരികയോടുകൂടിയതു്. വില അണ 8

അപേക്ഷിക്കേണ്ടും മേൽവിലാസം:—
മാവേലിക്കര കെ. അച്യുതൻ
സംസ്കൃത കാളേജ്, തിരുവനന്തപുരം.

ത്തിരിക്കുന്നു എന്നു രാജപ്രമുഖനും പറഞ്ഞു. നേരത്തേതന്നെ ക്ലാർക്കന്മാർ എല്ലാവർക്കും സർട്ടിഫിക്കററുകൾ വിതരണം ചെയ്തിരുന്നു. എന്തൊരു ഇടപാടാണിതു്. ഈ പുതിയ ഏർപ്പാടു് അത്ര ആശാസ്യമല്ല. കോൺവക്കേഷനിൽ വെച്ചു് ചാൻസലർ തന്നെയാണു് സർട്ടിഫിക്കററുകളും കൊടുക്കേണ്ടതു്.

അടുത്തതായി. ശ്രീ. കെ, പി. എസ്സ്. മേനോൻെറ ബിരുദദാനപ്രസംഗമായിരുന്നു അടിച്ചുതകർത്തു അദ്ദേഹം. രസികൻ പ്രസംഗം! സാധാരണ ബിരുദദാന പ്രസംഗങ്ങൾ വെറും പുളുവടികളായിരുന്നു. എന്നാൽ ഈ പ്രസംഗസംഗം കിടയററ ഒന്നുതന്നെയായിരുന്നു എന്നു് ധൈര്യം പറയാൻ കഴിയും. തൻെറ ചെറുപ്പകാലത്തേ ഇൻഡ്യയേയും ഇന്നത്തെ ഇൻഡ്യയേയും അദ്ദേഹം മനോഹരമായി ഒന്നു താരതമ്യേന വിവേചനം ചെയ്തു. ഗാന്ധിജിയുടെ നിസ്സഹകരണപ്രസ്ഥാനകാലത്തു് താൻ ഇംഗ്ലണ്ടിൽ ഐ. സി. എസ്സിനു പഠിയ്ക്കുകയായിരുന്നെന്നും മററും ചില സ്വന്തം പൊങ്ങച്ചങ്ങളും അദ്ദേഹം പറയാതിരുന്നില്ല.

കെ. പി. എസ്സ്. മേനോൻെറ ഇംഗ്ലീഷ് പ്രസംഗം ദഹിയ്ക്കാതെ മന്നം ഇരുന്നു ഞെളിപിരിക്കൊള്ളുന്നതു കണ്ടും മുകളിലത്തെ കൂട്ടച്ചിരികൾ കേട്ടും ഞങ്ങൾ ഇടയ്ക്കിടെ രസിച്ചു. വയസ്സന്മാരുടെപോലും മുഖം മുകളിലോട്ടു തിരിഞ്ഞിരിയ്ക്കുന്ന കാഴ്ച വളരെ രസാവഹമായിരുന്നു.

ഞാനധികം വിസ്തരിക്കുന്നില്ല. ഒടുവിൽ രാജപ്രമുഖൻ "I dissolve the Convocation" എന്നു പറഞ്ഞു് സഭ പിരിച്ചു. പട്ടാളക്കാരുടെ ജനഗണമന ഗാനം കേൾക്കേണ്ടതു തന്നെയായിരുന്നു.

കാറുകൾ വെളിയിലേക്കു പ്രവഹിച്ചു. എല്ലാവരും അവരവരുടേയും വല്ലവരുടേയും വാഹനങ്ങളിൽ വെളിയിലേക്കു പോയി. വാഹനമില്ലാതെ ഡിഗ്രിയെടുക്കാൻ വന്ന ഗൗണും തൊപ്പിയുമുള്ള യോഗ്യന്മാരുടേയും തൊപ്പിയില്ലാത്ത യോഗ്യകളുടേയും കാര്യം വലിയ കഷ്ടമായിരുന്നു. അവർ നടന്നു തിരിച്ചുപോകുന്ന കാഴ്ച ദയനീയമായിരുന്നു. അവക്കു വിദ്യാർത്ഥികളിൽനിന്നും ദുസ്സഹമായ കൂക്കു വിളികൾ ഏൽക്കേണ്ടിവന്നു.

കൊടത്തുണിധാരികളേക്കണ്ടു് തലതെറിച്ച വിദ്യാർത്ഥികൾ "ഇപ്പം കേസ്സെല്ലാമുണ്ടോ?" "അവിടെ നിന്നാട്ടെ സാറേ! ഒന്നു തൊട്ടോട്ടെ" എന്നും മററും നിരന്തരമായി 'കമൻറ്'ടിച്ചുകൊണ്ടിരുന്നു.

അങ്ങനെ ഇക്കൊല്ലത്തേ കോൺവക്കേഷനന്തിന്നു. ആകപ്പാടെ 'ജോറാ'യിരുന്നു. എന്നു വേണമെങ്കിൽ പൊതുവേ പറയാം. ഇത്ര മനോഹരമായും ഗംഭീരമായും കോൺവക്കേഷൻ നാടകം അരങ്ങേറാൻ ശ്രമിച്ച എല്ലാവക്കും എൻെറ അഭിനന്ദനങ്ങൾ!!

4507


V. K. V. മെമ്മോറിയൽ A V. ഫാർമസി

നാവായിക്കുളം.

അനാരോഗ്യവാന്മാരായ യുവാക്കന്മാക്കും, ക്ഷയം, കാസം, വലിവു്, ധാതുക്ഷയം, മുതലായവയാൽ നിരന്തരദുഃഖം അനുഭവിക്കുന്നവക്കും അശ്രാന്തപരിശ്രമത്താൽ തയാർ ചെയ്യുന്ന ഞങ്ങളുടെ കരിമന്തി ലേഹ്യം ഏററവും ഉപയോഗപ്രദമത്രെ!

പരീക്ഷിച്ചറിയുക!

N. B. ഏതു പക്ഷപാതരോഗികളേയും രക്ഷപ്പെടുത്തുന്ന വാററുകോഴിതൈലം തയ്യാറുണ്ടു്.

ചാവറക്കോട്ട്, പുരന്ദരൻവൈദ്യൻ.

# കുറിപ്പുകൾ

## രാജ്യം പോയപോക്കു്

ഏതായാലും ഇനി രക്ഷയില്ല. സംഗതിപാടെ കുഴഞ്ഞിരിക്കയാണു്. പ്രേതബാധയേററ ചില പെണ്ണുങ്ങൾ തലമുടിയഴിച്ചിട്ടാടുന്നതുപോലെ നമ്മുടെരാജ്യം മുഴുത്ത ഗോഷ്ടികൾ കാണിച്ചുതുടങ്ങിയിരിക്കുന്നു. നേതാക്കന്മാർ തമ്മിൽ കലശലായി. പത്രങ്ങൾ പരസ്പരം ദൂഷിക്കുന്നു. സംഘടനകൾ ഓരോന്നും മറെറാന്നിനെ ആക്ഷേപിക്കുന്നു. ഉദ്യോഗസ്ഥന്മാർ അവക്കു ബോധിച്ചവഴിക്കു തിരിഞ്ഞിരിക്കുന്നു. കേൾപ്പോരുമില്ല കേൾവിയുമില്ല. പട്ടിണിമൂലം ജനങ്ങൾ പരക്കം പായുന്നു. പട്ടിണിതീർക്കാൻ ദിവസംപ്രതി നെല്ലെടുപ്പു ഉദ്യോഗസ്ഥന്മാരെ നിയമിക്കുന്നതാണു ഇവിടത്തെ കൊഞ്ഞാണന്മാർ കണ്ടുവച്ചിരിക്കുന്നപണി. നെല്ലെടുപ്പു കൂടുന്നിടത്തോളം പാർവത്യകാർക്കു ശുക്രദശ. ജനങ്ങൾക്കു ചക്രശ്വാസവും—

## ആറങ്ങൽ എല്ലാം ക്രിസ്ത്യാനിമയം

ആറങ്ങലെ പല പ്രധാന ഉദ്യോഗസ്ഥന്മാരും ക്രിസ്ത്യാനികളായതിൽ തരക്കേടില്ല അവർ—ഒരുമിച്ചുകൂടി പള്ളിയിലച്ചൻെറകാര്യം പറയുന്നതിലും തരക്കേടില്ല. പക്ഷെ ഒരു ക്രിസ്ത്യാനിവക്കീൽ ഈയിടെയായി ചിലസംഗതികൾ സാധിച്ചുകൊടുക്കാമെന്നു പറഞ്ഞു ചിലസ്ഥലങ്ങളിൽ സഞ്ചരിച്ചതും 300 ക വാങ്ങിക്കൊടുത്തു വഴിത്തക്കക്കേസ്സു എതിർകക്ഷിക്കു അനുകൂലമാക്കിക്കൊടുത്തതുംപെരുങ്ങുഴിയിൽ സംസാരവിഷയമായിട്ടുണ്ടു്. ഇതിൻെറ സൂക്ഷ്മവിവരം അടുത്തലക്കത്തിൽ ഞങ്ങൾ പ്രസിദ്ധീകരിക്കുന്നതാണു്. കേസില്ലാത്ത വക്കീലന്മാർ പലസ്ഥലത്തും ഇങ്ങനെ ചുമ്മാ ഉദ്യോഗവും തരകം, കമ്മിഷൻപണിയും നോക്കാറുണ്ടു്.

## നെല്ലെടുപ്പും അരിയെടുപ്പും

നാട്ടിലെ ആഹാരക്ഷാമം തീക്കാൻ നെല്ലെടുപ്പു കർശനമാക്കണമെന്നും ചന്തകളിൽ സാധുസ്ത്രീകൾ അരിക്കച്ചവടം നടത്തുന്നതിനെ തടയണമെന്നും ഏതോ "ഫൂളീസുകൾ" ഗവമ്മെൻറിനെ പറഞ്ഞുകൊടുത്തിരിക്കുന്നു, നെല്ലെടുക്കുന്നതിനുമുമ്പു നിലങ്ങൾ കൃഷി നടത്തേണ്ടതുണ്ടെന്നും ഈ ഫൂളീസുകൾ അറിഞ്ഞിട്ടില്ല. കൃഷിനടത്താൻ നേരത്തു കൃഷിക്കാരനും അവൻെറ കാളയും കലപ്പയും മാത്രം. വല്ലതരത്തിലും വെള്ളമെടുക്കാതെയും വേനലടിക്കാതെയും, കാക്കയും കോഴിയും കൊത്തിപ്പെറുക്കാതെയും ആറുമാസം കാത്തിരുന്നു കതിരുമുറിച്ചു ചുമന്നുകൊണ്ടുപോയി പതിരും നെല്ലും വേർതിരിക്കുമ്പോൾ വരുന്നു ഗവമ്മെൻറു വലിയ പറയുമായി. എന്തു ചെലവായി എന്നോ എത്ര അളവു കിട്ടിയെന്നോ നോക്കാതെ ഉടമസ്ഥനെ മാററി നിറുത്തിയിട്ടു നെല്ലെടുപ്പു പദ്ധതി പ്രയോഗിക്കുന്നു. ഇതു സുഖമുള്ള കാര്യമല്ലെന്നു ഗവർമ്മെൻറു മനസ്സിലാക്കണം. പാവപ്പെട്ട കർഷകൻ എന്തിനു കൃഷിചെയ്യുന്നു, അവനു ആദായം വേണമെന്നു ആഗ്രഹിച്ചുകൂടേ. അവനു കാറിൽ സഞ്ചരിച്ചുകൂടേ, മാളികയിൽ താമസിച്ചുകൂടേ, അങ്ങനെ ഒന്നും പാടില്ലപോലും. അവൻ മാത്രമായി നാട്ടിലെ ആഹാരക്ഷാമത്തിനു പരിഹാരം വരുത്തണംപോലും. ഈ പ്ലാൻ മാറണം. അതുപോലെ തന്നെ ചന്തകളിൽവരുന്ന സാധുക്കളായ അരിക്കച്ചവടക്കാർ സ്ത്രീകളെ ദ്രോഹിക്കരുതു്. അതുകൊണ്ടു കരിഞ്ചന്തയും പൂഴ്ത്തിവയ്പും നിലയ്ക്കാൻപോകുന്നില്ല. പലരുടേയും വയററിലടിക്കാൻ മാത്രമേ അതുകൊണ്ടു സാധ്യമാകൂ. തിരുവിതാംകൂറിലെ ഉദ്യോഗസ്ഥന്മാരുടെ സംഖ്യ പകുതിയാക്കി കുറയ്ക്കണം. സന്താനനിയന്ത്രണകാര്യം എത്ര പറഞ്ഞാലും ജനങ്ങൾ പകൽ മൂളിക്കേൾക്കും. രാത്രി അതിനെതിരാണു്. ഒരുവഴിമാത്രമേ ഞങ്ങൾ കാണുന്നുള്ളു. വിവാഹത്തിലേക്കു് ചെറുപ്പക്കാരെ പ്രേരിപ്പിക്കാതിരിക്കാൻ എല്ലാനഗരങ്ങളിലും ഒന്നാംതരത്തിൽ ധാരാളം വേശ്യാലയങ്ങൾ ഏർപ്പെടുത്തണം. അവിവാഹിതക്കു നൂറു രൂപാകൊടുത്താൽ ബി.എ ഡിഗ്രി കൊടുക്കുന്നതാണെന്നു് തിരുമാനിക്കണം. അതോ

A.S.S. മാർക്ക്
നാടൻ നല്ലെണ്ണ
A.S.S.
വാങ്ങുവിൻ
പാലസറോഡ്, ആലപ്പുഴ

ടെ അവിവാഹിതരുടെ എണ്ണം കൂട്ടമെന്നതിന്നൊയല്ല, ഗവമ്മെൻറിനു ശരിയായ ഒരു വരുമാനവുമാകും ചുമ്മാ നെല്ലെടുക്കാനും അരിയെടുക്കാനും നടക്കാതെ ആ ഉദ്യോഗസ്ഥന്മാരെ കൂടി കൃഷിക്കു് ഉപയോഗിച്ചു കൊണ്ടു് (കന്നാലിക്കു പകരമല്ല) ഇങ്ങനെ ഏതെങ്കിലും നല്ല കാര്യങ്ങൾ ഗവമ്മെൻറു് ചെയ്യേണ്ടതാണു്.

മന്ത്രിസഭ ആടുന്നു.

നമ്മുടെ ടി. കെ. മന്ത്രിസഭ ആടിത്തുടങ്ങിയിരിക്കുന്നു. വീണെങ്കിൽ നമുക്കങ്ങോട്ടു ഒന്നു കേറാമായിരുന്നു. എന്നു ഉറച്ചുകൊണ്ടു ഹിന്ദുമണ്ഡലക്കാർ നില്ക്കുന്നു. കൌമുദിയും മലയാളരാജ്യവും വീണ്ടും പടയൊരുക്കുന്നുണ്ടു്. ഇന്നാലെയാണു് അവർ തങ്ങളിൽ കെട്ടിപ്പിടിച്ചുകൊണ്ടു നടന്നതു്. കൌമുദി ഹിന്ദുമണ്ഡലത്തെ തോളിലേററി, മലയാളരാജ്യം പ്രാസിക്യൂഷൻ നടപടിയിൽപെട്ട കൌമുദിയെ തോളിലെടുത്തു. അവർ ഒരുമിച്ചു മന്ത്രിമാരെ നോക്കിക്കൊണ്ടു ചാഫ്യാർകൂത്തുതുടങ്ങി. ഇപ്പോളിതാ തമ്മിൽ കൈവീശിത്തുടങ്ങിയിരിക്കുന്നു. മന്ത്രിസഭ ആടുന്നതു കണ്ടിട്ടാണു് ഇവർ ഈ ബഹളം കാണിക്കുന്നതു്. അടുത്ത മുറ ആർക്കാണെന്നു ആർക്കറിയാം. ആർക്കുമില്ലാതാകുമെന്നാണു് തോന്നുന്നതു്. എങ്കിലോ മഹാഭാഗ്യം.

നിയോജകമണ്ഡല വിഭജനം വീണ്ടും

അടുത്ത 1951 അക്ടോബറിൽ നടക്കേണ്ട തിരഞ്ഞെടുപ്പു ഗുസ്തിക്കു ഇപ്പോഴെ ആളുകൾ സഞ്ചരിച്ചുതുടങ്ങിയിരിക്കുന്നു. ചിറയിൻകീഴ് താലൂക്കിലെ ഏററവും വലിയ മുതലാളിയുടെ മകൻ മി. റഷീദ് സോഷ്യലിസ്റ്റായോ ഹിന്ദുമണ്ഡലമായോ, എന്തുതന്നെ ആയിട്ടും നില്ക്കാമെന്നുപറഞ്ഞു വന്നിരിക്കുന്നു. കഴിഞ്ഞതവണ തോററവരും ജയിച്ചവരും ഉൾപ്പെടെ ഏഴുപേരും അവർക്കെല്ലാം നാലുപേർവീതം എതിരും അടുത്ത തവണ ഈ ഒരു താലൂക്കിലേക്കു ഉണ്ടാകാൻതരമുണ്ടു്. മൂന്നു സീററിനു ചുരുങ്ങിയതു മുപ്പതു പേരെങ്കിലും കാണുന്ന ലക്ഷണമാണുള്ളതു്. എല്ലാ സ്ഥാനാർത്ഥികൾക്കും ഉള്ള യോഗ്യതകളുടെ കൂട്ടത്തിൽ ആയിരം മൂട് മരച്ചീനിയെങ്കിലും സ്വന്തമായി കൃഷിചെയ്തു രാജ്യത്തിനു ഗുണം ചെയ്തു എന്നുപറയാൻ ഉണ്ടായിരിക്കണമെന്നു നിർബന്ധം വയ്ക്കണം. അസംബ്ലി സമ്മേളനം ഇല്ലാത്തദിവസങ്ങളിൽ ഇവരെ കൂട്ടമായി ചേർത്തു കിളയ്ക്കാനും കൃഷിചെയ്യാനും കൊണ്ടുപോകുന്നതിനും വ്യവസ്ഥ വേണം. ആർക്കുവേണം വോട്ടുകൊടുക്കാം.

A.S.S. മാർക്ക്
നാടൻ നല്ലെണ്ണ
ASS
വാങ്ങുവിൻ
പാലസ്റോഡ്, ആലപ്പുഴ

നവീന രീതിയിലുള്ള ഇംഗ്ലീഷ് ഫേബ്രിക്കും, സിൽക്കു തരങ്ങളും കോയമ്പത്തൂർ, സേലം, ബാംഗ്ളൂർ, ബനാറീസ് സാരികളും, കസവു കവണിത്തരങ്ങളും, മററു ജവുളിത്തരങ്ങളും മിതമായ വിലയ്ക്കു് ആവശ്യമുള്ളവർ ഞങ്ങളെ സമീപിക്കുവിൻ.

ബി. പുഷ്പാംഗതപ്പണിക്കർ.

പഴകുററി, നെടുമങ്ങാട്.

സ്വർണ്ണം, വെള്ളി ഇവയിലുള്ള എല്ലാത്തരം ഉരുപ്പടികളും ആർഡർ അനുസരിച്ചു് മിതമായ വിലയ്ക്കു ചെയ്തുകൊടുക്കാൻ തയ്യാർ. കൂടാതെ സ്വർണ്ണം, വെള്ളി ഇവകൾ വാങ്ങുകയും വിൽക്കുകയും ചെയ്യുന്നതാണു്.

എം. ബാലൻ.

പോത്തൻകോട്.

# നവയോഗി

(കരയൻ തുള്ളൽ)

— പി. വി. പാണ്ടനാടൻ —

പുഴകളെഴാത്തോരാലപ്പുഴത-
ന്നാ"കപ്പുഴ"യാമഭിനവഗിരിയിൽ
അഭിനവയോഗിയൊരുത്തനിരിപ്പൂ-
ണ്ടഭിനയപാടവമധികമെഴുന്നോൻ.
കട്ടിഖദറാമാടയണിഞ്ഞും,
"കുട്ടിക്കുറ"വദനത്തിലണിഞ്ഞും,
കൈഘടികാരം മണിബന്ധത്തിൽ,
ഡീക്കൊട്ടുഷു സാഫീററിൽ ചേർത്തും
അലക്കിമടക്കിത്തേച്ചൊരുഷാളാ-
തോളംപലകയ്ക്കുപുറത്തുപതിഞ്ഞും
കണ്ണടവച്ചാക്കണ്ണുമടച്ചൊരു
കണ്ണൻവാഴകണക്കുവസിപ്പൂ.
അമിതതരബഹളമെഴുമഭിനവ വനംമഹാ-
കമതിമൃഗഗണസഹജഹുങ്കാരശോഭിതം.
പട്ടതയൊട്ടുവെടി പറകപട്ടചിരിമുഴക്കിലും
ചെകിടനുടെ ചെവികളിലതൊന്നുമേശയിടാ.
കടികുറികൾശാർദ്ദൂലരാദിവൻ തോക്കുകൾ
കടിപിടികൾകാട്ടീട്ടും മട്ടുകാണുന്നഹാ!
മദമിയലുമൊറ്റയാൻ 'പി. റ്റി.' 'പാണ്ട്യാ'ദികൾ
മതമഹാചർമ്മം ധരിച്ചുരസിക്കവേ.
ഉരഗഗണവരരരിയ 'ജി. പി.' 'പാണ്ട്യാ'ദികൾ
തരുശിഖരതതിയിലഹത്തുങ്ങിട്ടനൊങ്ങുമേ.
കടിലതരവേടരാം "പത്രറിപ്പോർട്ടർ"തൻ
പിടികളുടനുണ്ടാകയില്ലതുനിശ്ചയം!
അഭിനവയതീന്ദ്രൻ ബഹിർലോകശ്രദ്ധയിൽ
അണുവുമടിയാതങ്ങു ചിന്തിച്ചു വാഴ്കയായ്.
ഇടയിടയിലതികുതുക "മച്ചായ"മന്ത്രവും
പടുജവമൊടങ്ങനെ ചൊല്ലുന്നഭക്തനും.

"സെക്രട്ടേരിപദത്തിലിരുന്നാൽ
ചക്രംതെല്ലുനമുക്കു കിടയ്ക്കും.
"ആറു"കൾ തന്നുടെ ചെക്കുകൾ വന്നാൽ
ക്രൂറില്ലാതവ വെളിയിൽ തള്ളും.
നാലക്ഷരമെഴുമുദ്യോഗസ്ഥനു്
നാലക്കത്തിലെഴുന്നൊരു ചെക്കുകൾ
ചേലൊടങ്ങുകൊടുത്തെന്നാലോ
ശേലായ്! പലപല "പെർമിററു"കളും
"ഷജാബു"കളും ചില "കൺട്രാക്ടു"കളും
ലാഭമതെന്നാരറിയാതുള്ളൂ.
ജനകീയത്തിൽ പച്ചക്കള്ളം
"മിൽക്കിൽ"ചേർത്തൊരു കാച്ചിയവള്ളം!
ഹ! ഹ! മുറയൻ! മാനുഷനെന്തി—
ജനകീയത്തിൽ രുചിയറിയുന്നു?
വെള്ളിത്തിരയിൽ "പ്രൊഷ്ട"മതെല്ലാം
കാലുകൾപൊക്കി നടിച്ചുതുടങ്ങും.
"മേനവ"നൊരുനാൾ "ലീവാ"കുമ്പോൾ
മാമക"ഗൗരിയെ"യവിടെയിരുത്തും.
"യാതന"തന്നുടെ പേരിൽ കാട്ടുകൾ
യോജനയായിക്കൈവശമാക്കും.
"കോടാലിക്കൈ"ക്കാരൻ "മന്നനു"
കോടാലിയെടുത്തങ്ങുകൊടുക്കും.
മാമകഗൗരിവരുമ്പോഴേക്കും
മാവുകൾകീറാനാജ്ഞകൊടുക്കും.
"പട്ട"ത്തോട്ടുമുറയ്ക്കുകഥിക്കും
പാട്ടുകൾ പാടിയുറക്കാനെന്നെ.
"ശങ്കര"നെന്നവനെപ്പിടികൂടി
ശങ്കിടിപാടിയിരിക്കാൻചൊല്ലും.
"ഷവലായുധനെ" നമ്മുടെ "കള"മതി-
ലാൾട്ടപ്പരായി നടക്കാൻചെല്ലും.
എന്തിനുപിന്നെ... നിനച്ചീടുന്നു?
സർവ്വവുമെൻേറതന്നെപാരിൽ."

കഠിനതരരവമൊടുടനവിടെയൊരലർച്ചയും
ഘോരാട്ടഹാസവും കേട്ടുപെട്ടെന്നവൻ.
"ജനതയുടെവൻതോക്കു"പി. റ്റി"യാണിന്നിയും
സെക്രട്ടിപാർട്ടിക്കു; കട്ടനാടൻ ശഠൻ!"
ഇതിചപലവാക്കുകൾ കേൾക്കവെ പെട്ടെന്നു
ഞെട്ടിമലച്ചു, മറിഞ്ഞാ,യതീശ്വരൻ.

---

# തിരുക്കൊച്ചിയിൽനിന്നും താണ്ഡന് കിട്ടിയ ആശംസകൾ!

(വികടകേസരിയുടെ സ്വന്തം ലേഖകൻ താണ്ഡൻെറ പോക്കററിൽനിന്നും തപ്പിയെടുത്തതു്.)

★

(1) ചീഫ്മിനിസ്റ്റർ ടി. കെ., റോസ്ഹൗസ്.

പ്രിയപ്പെട്ട താണ്ഡൻ! അങ്ങു ജയിച്ചതിൽ എനിക്കുള്ള ആനന്ദം എത്രയെന്നു പറയാൻ പ്രയാസം. ഞങ്ങൾ കൃപലാനിയ്ക്കു് വോട്ടുചെയ്തെങ്കിലും അങ്ങു ജയിക്കണമെന്നായിരുന്നു ഞങ്ങളുടെയെല്ലാം ആത്മാർത്ഥമായ ആഗ്രഹം. ഹിന്ദുക്കൾ ദൂഷിപ്പിച്ച കാൺഗ്രസ് അങ്ങു് വീണ്ടെടുക്കുക. എൻെറ സഹായ സഹകരണങ്ങൾ എപ്പോഴും അങ്ങയുടെ പിറകിലുണ്ടു്.

നമസ്കാരം.

(2) മന്നത്തു പത്മനാഭൻ, ചങ്ങനാശേരി.

എൻെറ എത്രയും പ്രിയപ്പെട്ട താണ്ഡൻചേട്ടാ! ചേട്ടൻ ആണാണു്. ഹിന്ദുക്കൾക്കു ബലമുണ്ടോ എന്നു ചേട്ടൻ കാണിച്ചുകൊടുത്തു. ദേവസ്വംബോർഡിൽ ഞാൻ കേറിയപ്പോൾ ടീ. കെ. എന്നെ ഭീഷണിപ്പെടുത്തിയതുപോലെ കാൺഗ്രസിൻെറ അദ്ധ്യക്ഷ പദവിയിൽ കേറിയപ്പോൾ നെഹ്റുവും അങ്ങയെ വിരട്ടിയോടിക്കാൻ തുനിയുന്നു. പോകാൻ പറയെന്നേ? നമുക്കിവിടം ഹിന്ദുരാജ്യമാക്കണം. ക്രിസ്ത്യാനികളെ നമുക്കു കുഴിച്ചുമൂടണം. അവർ കാൺഗ്രസ്സിൽനിന്നു ചേട്ടനേ പുറംതള്ളിയാൽ ഉടൻ ചേട്ടൻ എൻേറയും ശങ്കറിൻേറയും ഡെമോക്രാററിക്കു് കാൺഗ്രസ്സിൽ ചേരണം. ഒരുപതെരഞ്ഞെടുപ്പിൽ ചേട്ടനെ ഞങ്ങൾ നിഷ്പ്രയാസം ജയിപ്പിയ്ക്കും. മാധവിയുടേയും എൻേറയും ഭാവുകാശംസകൾ സ്വീകരിക്കുക.

വന്ദനം.

(3) മാമ്മൻമാപ്പിള, കോട്ടയം,

ഡിയർ താണ്ഡൻ,

പ്രസിഡൻറുമത്സരത്തിന് താങ്കൾതന്നെ ജയിയ്ക്കുമെന്നു് ഞങ്ങൾ വളരെക്കാലം മുമ്പുതന്നെ പ്രവചിച്ചിരുന്നു. ഞങ്ങളുടെ "65 കൊല്ലം മുമ്പ്" എന്ന പംക്തി വായിച്ചുനോക്കിയാൽ ഇതിൻെറ പരമാർത്ഥം മനസ്സിലാകും. വർഗ്ഗീയതയിൽനിന്നു് രാഷ്ട്രത്തെ വിമോചിപ്പിയ്ക്കാൻ താങ്കൾ ശ്രമിക്കുക! ഗവമ്മെൻറു സ്കൂളുകൾ ക്രിസ്ത്യൻ മാനേജുമെൻറുകൾക്കു കൊടുക്കാൻ അങ്ങനെ ദേശീയവിദ്യാഭ്യാസം ഇവിടെ വിജയപതാക പാറിയ്ക്കുവാൻ അവിടുന്നു് ആത്മാർത്ഥമായി ശ്രമിയ്ക്കുമെന്നു വിശ്വസിയ്ക്കുന്നു. കപ്പപ്പുറം പൂച്ചമാക്കു വളത്തിൻെറ മാഹാത്മ്യത്തെ അങ്ങു് കാൺഗ്രസ്സുകാർക്കു പറഞ്ഞുകൊടുക്കുക! വർഗ്ഗീയവാദികളായ എല്ലാ ഹിന്ദുക്കളേയും കാൺഗ്രസ്സിൽനിന്നും പുറംതള്ളുക! കന്യകയായ കൊച്ചുത്രേസ്യാമ്മേ! നീ താണ്ഡനുവേണ്ടി പ്രാർത്ഥിയ്ക്കുക.

4. കമ്പളത്തു ശങ്കുപ്പിള്ള, പന്മന,

ശ്രീ. താണ്ഡൻ അവർകളേ! മണക്കാട്ടു നാരായണപിള്ള മൈതീൻകുഞ്ഞു ഫയൽവാനെ അടിച്ചുവീഴ്ത്തിയതുപോലെയല്ലേ അങ്ങു് പട്ടാഭിയെ മലത്തിക്കളഞ്ഞതു്. അങ്ങു് കാൺഗ്രസ് പ്രസിഡൻറായപ്പോൾ ഞാൻ കെ. പി. സി. സി. പ്രസിഡൻറുമായി. നമുക്കു രണ്ടുപേക്കും ഇപ്പോൾ വ്യാഴദശയാണെന്നു തോന്നുന്നു. മന്ത്രിമാർ ഇനി നമ്മുടെ കാലുപിടിയ്ക്കാതൊക്കുമോ? ഭരണക്കൂടത്തേ ആക്കാനും അഴിയ്ക്കാനും ഇനി നമുക്കല്ലേ അധികാരം. ശ്രീചട്ടമ്പിസ്വാമികൾ അങ്ങയേ കാത്തു രക്ഷിയ്ക്കട്ടെ.

5. പൗരദ്ധ്വനി ചാക്കോ, കോട്ടയം.

ഞങ്ങളുടെ പ്രസ്സിൽ ഉള്ളതിലേക്കം വലിയ മരത്തടൈപ്പുകൾവെച്ചാണു് ഞങ്ങൾ അങ്ങയുടെ വിജയവാർത്ത പ്രഖ്യാപനം ചെയ്തതു്. ഞങ്ങളാണു് ആദ്യമായി അങ്ങയുടെ ഫോട്ടോ പ്രസിദ്ധം ചെയ്തതു്. ലോകത്തിൽ ഏററവും കൂടുതൽ സക്കലേഷനുള്ള ഒരു പേപ്പറാണു് ഞങ്ങളുടെ പൗരദ്ധ്വനി. ഞങ്ങളുടെ ഹെഡിംഗുകൾക്കു കൊടുക്കണമല്ലോ കാശു്. പിന്നെ ഒരു സ്വകാ

ര്യം പറയാം. ഈ മനോരമ മാമ്മൻമാപ്പിള അത്ര നല്ല ആളൊന്നുമല്ല. കേരളത്തിൽ അറുപതുകൊല്ലമായി ഉണ്ടാകുന്ന സകല കലാപങ്ങളുടെയും ചരടുപിടുത്തക്കാരൻ ആ വയസ്സനാണ്. പോകട്ടെ. ഇതൊന്നും പറയണ്ടായിരുന്നു. അങ്ങയുടെ വിജയത്തിൽ അനുമോദിച്ച് കുറേ അവല്ലൂസുപൊടി ബുക്കുപോസ്റ്റായി അയയ്ക്കുന്നു. സ്തോത്രം.

6. ഏ. കെ. പാച്ചുപിള്ള, C/o പൊൻകുന്നം ചന്ത.

എന്റെ പ്രിയപ്പെട്ട താടിസഖാവേ! അങ്ങയുടെ വിജയം എന്റേയും വിജയമാണ്. ഇതു് താടിലോകത്തിന്റെ പൊതുവേയുള്ള വിജയമാണ്. ബാർബർക്കു കാശുകൊടുക്കാനില്ലാത്തതുകൊണ്ടാണ് ഞാൻ താടിവളർത്തുന്നതെന്ന് അസൂയക്കാർ പറയുമെങ്കിലും അങ്ങ് അങ്ങനെയൊന്നുമല്ലെന്ന് പരക്കെ അറിയാവുന്നതാണ്. പിന്നെ സൂക്ഷിച്ചുകൊള്ളണം ഇവിടെ ഒരു താടിവിരുദ്ധസംഘടന തലയുയർത്തുന്നുണ്ടെന്നു കേൾക്കുന്നു. താടിസഖാക്കളുടെ താല്പര്യത്തെ സംരക്ഷിക്കാൻവേണ്ടി അങ്ങു പ്രയത്നിക്കുക. പുരുഷന്മാർ മാത്രമല്ല സ്ത്രീകൾപോലും താടിവളർത്തേണ്ടതാണെന്നുള്ള എന്റെ വിപ്ലവകരമായ സന്ദേശം അങ്ങു പ്രയോഗത്തിൽ വരുത്തുക.

ശേഷം പിന്നാലേ, സ്വന്തം പാച്ചു.

(7) ശങ്കുണ്ണിപ്പിള്ള, കോട്ടയം.

ബഹുമാനപ്പെട്ട താണ്ഡപ്രഭോ! സ്വാതന്ത്ര്യലബ്ധിക്കുവേണ്ടി "സ്വരാജ്" എന്ന പേരിൽ ഒരു ദേശീയ മോട്ടോർസർവ്വീസ് കേരളത്തിൽ ഇദംപ്രഥമമായി ആരംഭിയ്ക്കുകയും ക്രിസ്ത്യൻകാൺഗ്രസ്സിനെ അങ്ങേഅററം എതിർക്കാനും വർഗ്ഗീയരാക്ഷസനേ ചമ്മന്തിയാക്കാനും 'ദേശബന്ധു' എന്ന പേരിൽ ഒരു ഉദ്ദണ്ഡകോദണ്ഡ പത്രപ്രകാണ്ഡത്തെ ഇറക്കുകയുംചെയ്ത ഞങ്ങൾ ഹൈന്ദവാദർശങ്ങളുടെ മൂർത്തീകരണമായ അങ്ങയുടെ കാൺഗ്രസ്സ് പ്രസിഡൻറ് സ്ഥാനത്തിൽ എത്രമാത്രം സന്തോഷിക്കുന്നുണ്ടെന്നറിയാമോ? അങ്ങേയ്ക്കു് എന്റെ ഭാവുകാശംസകൾ!

(8) പട്ടംതാണുപിള്ള, തിരുവനന്തപുരം.

വന്ദനംമിസ്റ്റർ താണ്ഡൻ! നിങ്ങൾ ഭാഗ്യവാനാണ്. പല്ലുപൊഴിഞ്ഞ ഒരു കിഴവന് സുന്ദരിയെ ഭാര്യയായിക്കിട്ടുന്നതുപോലെയാണ് നിങ്ങൾക്ക് ഇന്നത്തെ സ്ഥാനം കിട്ടിയതും. പക്ഷേ സൂക്ഷിക്കണം. ആ സുന്ദരി ചീത്തയാണ്. പട്ടാഭിയേയും പട്ടത്തേയും വലിച്ചെറിഞ്ഞതുപോലെ അവൾ നിങ്ങളേയും വലിച്ചെറിയും. പിന്നെ ഒരു രഹസ്യകാര്യം. ഞാൻ പ്രധാനമന്ത്രിയായപ്പോൾ തയ്പിച്ച ഒരു ലോംഗ്കോട്ടിരുപ്പുണ്ട്. പഴവെലയ്ക്കു കൊടുക്കാൻ തയ്യാറാണ്. എന്താ വേണമെന്നുണ്ടോ? മററാരോടും പറയരുത്. നെഹ്റുവിനോടും പട്ടേലിനോടും മിണ്ടിപ്പോകരുത്. അവരെന്നെ കളിയാക്കും. കാൺഗ്രസ്സിൽനിന്നു പുറംതള്ളുകയാണെങ്കിൽ ഐ. എസ്സ്. പി-യിൽ ചേരാൻ മറക്കരുത്.

(9) ആനിമസ്ക്രീൻ, വള്ളക്കടവു്.

ഇവരെന്നേച്ചതിച്ചു. പററിച്ചു. സകല സാംസ്കാരിക നിയമങ്ങളും ലംഘിച്ചു. ഇവിടുത്തെ കാൺഗ്രസ്സുകാർ ചതിയന്മാരാണ്. ഇവർ ഒരു ദിവസം എന്നെ മന്ത്രിയാക്കിയിട്ടു് പിറേറദിവസം എടുത്തു കുപ്പയിലേക്കെറിഞ്ഞു. പ്രിയ താണ്ഡൻ! കേന്ദ്രമന്ത്രിസഭയിൽ ഒരു സ്ത്രീ മന്ത്രിണിയേക്കൂടി നിയമിച്ചാൽ എന്താണു തരക്കേട്. അങ്ങു ജയിച്ചതിൽ നിസ്സീമമായ ആനന്ദമുണ്ട്.

വന്ദനം.

---


പരബ്രഹ്മോദയ വൈദ്യശാല

ഓച്ചിറ.

**ബാലാമൃതം**

മാത്ര–7 മുതൽ 15 തുള്ളിവരെ

വില ണ 8.

കുഞ്ഞുങ്ങൾക്കുണ്ടാകുന്ന കരപ്പൻ, കണ, ചുമ, വലിവ്, വായുമുട്ടൽ, നെഞ്ചു് കുറുകെട്ടുക മലബന്ധം, ശൂലജ്വരം മുതലായ പലതരം രോഗങ്ങൾക്കു പററിയ സിദ്ധൌഷധം.

എസ്. കേശവൻ വൈദ്യൻ, വൈദ്യകലാനിധി.

# പാവം ഐ. എൻ. മേനോൻ!

★

മേനോൻ ഇവിടുന്നു പിരിഞ്ഞുപോയി. പുളിച്ചേന്നാ പാലുപോലെ! ആ പിരിഞ്ഞുപോകലിൻെറ പിറകിൽ പല ഗുലുമാലുകളുമുണ്ടെന്നു കേൾക്കുന്നു. തലയ്ക്കുമുകളിലൂടെ നന്ദൻമേനോനെന്ന പുളി പിഴിഞ്ഞൊഴിച്ചതുകൊണ്ടാണ് ഈ പിരിച്ചിലുണ്ടായതെന്നാണ് ആളുകളുടെ പറച്ചിൽ. പനമ്പള്ളിയോടു പറഞ്ഞാലൊടുങ്ങാത്ത പകയും കിറുകിറുപ്പും ഐ. എൻ. മേനോനുണ്ട്.

പക്ഷേ തിരുക്കൊച്ചിയിലേ ഉദ്യോഗത്തൊഴുത്തിൽ കെട്ടപ്പെട്ട ഒരു പശുവായിപ്പോയില്ലേ ഐ. എൻ. മേനോൻ. പല അധികാരിമൂരികളുടെ മുന്നിലും ചുളിയാതെ സാധിക്കുമോ? നാറുന്ന ചാണകത്തിൽ കിടന്നു കഷ്ടപ്പെടാതൊക്കുമോ? മേലുനോവാതെകിട്ടുന്ന പുല്ലും വയ്ക്കോലുമുപേക്ഷിക്കുന്നതു മണ്ടത്തരമല്ലെ.

ഏതായാലും ആ ധേനു കയറുരിയിട്ടു കടന്നുകളഞ്ഞു. കൊച്ചിയിൽ ചെന്നാണ് തിരിഞ്ഞുനോക്കിയതു്. എന്നിട്ട് അവിടെനിന്ന് ധൈര്യമായി ഒന്നു മുക്കറയിട്ടു.

"അഭിമാനിയായ ഒരു പശുവിന് തിരുക്കൊച്ചിയിലെ മന്ത്രിമൂരികളുടെ കീഴിൽ കഴിയാൻ കഴികയില്ലെന്ന്." എന്നിട്ട് തിരിഞ്ഞുനോക്കാതെ മററൊരു തൊഴുത്തിലേക്കോടി.

ഇവിടുത്തെ ഗവൺമെൻറിൻെറ ചങ്കിൽ കുത്തുന്നതായിരുന്നു ആ പ്രസ്താവന. ഗവൺമെൻറു ചാട്ടയെടുത്തൊന്നു വീശി. മേനോനോടു സമാധാനമാവശ്യപ്പെട്ടു തൻെറ പെൻഷനെന്ന പുളിയരിക്കാടിയും തവിടും നഷ്ടമാകുമെന്നുവിചാരിച്ച് മേനോൻ പേടിച്ചു കിടുകിടാവിറച്ചു ചാണകമിട്ടു. എന്നിട്ടു "മാാാ" എന്നു കരഞ്ഞു.

"അയ്യോ! മാളോരേ! മന്ത്രയങ്ങത്തമ്മാരേ! ഞാനൊന്നും പറഞ്ഞില്ലേ. പത്രക്കാരു കയ്യിന്നിട്ടതാണേ അതെല്ലാം.

മേനോൻെറ മൂക്കു നിലത്തുതൊട്ടു. അദ്ദേഹത്തിൻെറ നട്ടെല്ലു വളഞ്ഞുപോയി. മൂരികൾ ഒന്നു മൂരിനിവർത്തു. അവർ സന്തുഷ്ടരായി. പാവം ഐ. എൻ. മേനോൻ.

സുഖകരമായ ചായയും കാപ്പിയും
വിഭവസമൃദ്ധമായ ഭക്ഷണം!!
ആസാദ് ഹോട്ടൽ
എവിടെ?
പഴവങ്ങാടി * തിരുവനന്തപുരം.

A.S.S. മാർക്ക്
നാടൻ നല്ലെണ്ണ
വാങ്ങുവിൻ
പാലസ്റോഡ്, ആലപ്പുഴ

ബേബിസ്റ്റോർ, ഉള്ളൂർ.

ഇവിടെ പലചരക്ക്, ഇരുമ്പുസാമാനങ്ങൾ, ശീമ ഉരങ്ങൾ, സ്റ്റേഷനറി, തേയില, സൂക്കാ, ബീഡിഇല, പുകയില, സിഗരററുകൾ മുതലായ സാധനങ്ങൾ മൊത്തമായും ചില്ലറയായും വിൽക്കപ്പെടും. കച്ചവടക്കാർക്ക് പ്രത്യേകനിരക്ക്—

മാനേജർ.

# വികടകേസരി പത്രാധിപക്ക്

## പരലോകത്തുനിന്നും ശ്രീ: ഈ. വി. എഴുതുന്നതു്.

"എടെ കൃഷ്ണാ"!

കുറച്ചുദിവസങ്ങളായി വിചാരിക്കുകയാണു നിനക്കൊരുകത്തു അയയ്ക്കണമെന്നു്. സമയ ചുരുക്കമായതുകൊണ്ടാണു ഇതുവരെയും അയക്കാത്തതു്. കൊംതി സംസ്ഥാനത്തു നിമിഷംപ്രതി ജനിച്ചുവരുന്ന പല പത്രക്കാരും ലേഖനം അയച്ചുകൊടുക്കണമെന്നു പറഞ്ഞു് എന്നെ അലട്ടികൊണ്ടു ഇരിക്കുകയാണു്. രസികനൊഴികെ മററാക്കും ഞാൻ കത്തുകൾ അയക്കാറില്ല. ഇന്നാം അവൻ എൻെറ പേരും പറഞ്ഞാണു കഴിഞ്ഞുകൂടുന്നതു്. നീ രസികൻെറ ശിക്ഷണത്തിലാണു പത്രപ്രവത്തനം ശീലിച്ചതെന്നു ഈയിടെ ഇവിടെ എത്തിയ നമ്മുടെ പുരാഗാമി പത്രാധിപർ പള്ളത്തുരാമൻ പറയുകയുണ്ടായി. നിൻെറ മാസികക്കു് സ്ഥായിയായ ഒരു ആദർശംമുണ്ടെന്നും ഭരണക്കൂടത്തെ കാര്യകാരണസഹിതം ശക്തി യുക്തം വിമർശിക്കുന്നുണ്ടെന്നും കൊട്ടാരക്കര ലാക്കോപ്പിൽവച്ചു് രക്തസ്ഖലനം മൂലം ഇവിടെ എത്തിയ സ: കോട്ടത്തല സുരേന്ദ്രൻപറഞ്ഞു അറിഞ്ഞു നെയ്യാററിൻകരയും, നെടുമങ്ങാട്ടും നടന്ന ഉപതെരഞ്ഞെടുപ്പിൽ കാൺഗ്രസ്സുകാർ തോററു തൊപ്പിഇട്ടോ! എവിടെയും അവക്കു് പരാജയമാണന്നാണു കോട്ടൂർ കുഞ്ഞുകൃഷ്ണപിള്ളയും കുളത്തൂർ യോഗിനിഅമ്മയും പറയുന്നതു്. മന്ത്രി കുഞ്ഞുരാമൻ മണക്കാട്ടു് ഒരു കെട്ടിടനിമ്മാണം തുടങ്ങിയിട്ടുണ്ടോ!

മന്ത്രിമാരേ എല്ലാം നിനക്കുനല്ലപരിചയമാണോ ടി എം. വർഗ്ഗീസിനേയും, പനമ്പള്ളിയേയും നീ പോയി ഒന്നുകാണണം. നീ വളരെ സാധുവാണെന്നു അവരോടുപറയണം. ടി. കെ. ആൾ പരമശുദ്ധനാണു്. മററുപല കുസൃതികുട്ടികൾ ചേന്നാണു വഷളാക്കുന്നതെന്നു നിൻെറ ഒരു ബന്ധു തുണ്ടത്തിൽ വേലുപിള്ള പറയുന്നു. ഇപ്പോഴും പൊടിധാരാളം ഉപയോഗിക്കുന്നുണ്ടോ !

എടാ കൃഷ്ണാ! നീ ആൾ ഒരു ഭയങ്കരനാണെന്നു ഞാൻ ഇപ്പോഴല്ലേ മനസ്സിലാക്കിയതു്. ഉള്ളൂർ ഗോപിയും നീയും തമ്മിൽ അടുത്തബന്ധുക്കളാണു അല്ലേ, ഗോപിയുടെ അച്ഛൻ മി. വേലുപിള്ള സകലസംഗതിയും വിശദീകരിച്ചു പറയുകയുണ്ടായി. ഗോപിയുടെ വിവാഹം ഐ. ജി. ചന്ദ്രശേഖരൻനായർ, പട്ടം, കെ പി. നിലണ്ഠപിള്ള, കെ. ബാലകൃഷ്ണൻ (കൗമുദി) (ശശിധരൻ) പി. കെ. വിക്രമൻനായർ തുടങ്ങിയ നിരവധി മാന്യന്മാർ പങ്കുകൊണ്ടിരുന്നു എന്നുഞാൻ അറിഞ്ഞു. നാട്യകലാവിശാരദനായ തിക്കുറിശ്ശി, സുകുമാരൻനായരേ ഞാൻ ചോദിച്ചതായി നീ അടുത്തപ്രാവശ്യം ആലപ്പുഴപോകുമ്പോൾ പറയണം. മി. സുകുമാരൻനായക്കു മലയാള ചലചിത്രലോകത്തു നല്ല ഒരു ഭാവിയുണ്ടെന്നും നീ പറയണം. മുൻഷി പരമുപിള്ള ഇപ്പോൾ കോയമ്പത്തൂർ സ്ഥിരതാമസമാണോ! നിനക്കു തുടർച്ചയായി ഒരു ലേഖനം എഴുതിതരണമെന്നു ഞാൻ പറഞ്ഞതായി അടുത്തപ്രാവശ്യം കോട്ടയത്തു പോകുമ്പോൾ പറയണം.

നീ അടൂർപോകാറുണ്ടോ! എൻെറ നാമധേയത്തിൽ അവിടെ ഒരു വായനശാലയുള്ളതായി നിനക്കു് അറിഞ്ഞുകൂടെ! മുടങ്ങാതെ ഒരു മാസികവീതം അവിടെ അയച്ചുകൊടുക്കണം. പാലക്കാട്ടുകാരൻ ഒരു സാധു കൊച്ചനാണു് അവിടത്തെ സിക്രട്ടറി. നിനക്കു കുറച്ചുവരിക്കാരെ അവിടെ കിട്ടാൻ ന്യായമുണ്ടു്. ആയുർവേദ ഡയറക്ടർ മി. കേശവപിള്ള ആൾ ഒരു ശുദ്ധനാണെന്നാണു് അറിഞ്ഞതു്. സാധുക്കളായ ആയുർവേദ ഗ്രാൻററ് വൈദ്യശാല ഉടമസ്ഥർക്കു ന്യായാനുസരണം കിട്ടേണ്ടതായ ഗ്രാൻറു് കിട്ടുന്നില്ലെന്നു ആററിങ്ങൽ നാണുവൈദ്യൻ പറയുന്നു. കോട്ടയം പത്രങ്ങൾക്കു എതിരായിട്ടാണോ ശംകുണ്ണിപ്പിള്ളദേശബന്ധു നടത്തുന്നതു്. കണിയാപുരത്തു് ജനറൽ മർച്ചൻറു് ജനാബ് ഇസ്മായിൽപിള്ള ലബ്ബാ പൊതുജനോപകാരിയാണെന്നാണു് ആലപ്പുഴയിൽ നിന്നും ഇവിടെയെത്തിയ പി. എസ്സ്. മഹമ്മദ് പറഞ്ഞതു്. ആലപ്പുഴ ഭീമാ ആൻറു് ബ്രദറിൽ ഭീമമായ തോതിൽ സ്വർണ്ണാഭരണം വന്നുനിറയുന്നതായി അറിഞ്ഞതിൽസന്തോഷമുണ്ടു്. നെടുമങ്ങാട്ടു പോലീസ് ഇൻസ്പെക്ടർ പബ്ളിക്റോഡുകളിൽ മലമൂത്രവിസർജ്ജനം ചെയ്യുന്നവരെ കേസ് എടുക്കാതെ ഒഴിഞ്ഞ ഏതെങ്കിലും കാട്ടിലും മേട്ടിലും പോയി മലമൂത്രവിസർജ്ജനം ചെയ്യുന്നവരെ ചാർജ്ജുചെയ്യുന്നമെന്നു പറയുന്നതിൻെറ രഹസ്യം എന്താണെന്നു ഇവിടെ ഒരു സംസ്സാരം നടക്കുന്നു. വിവരത്തിനു അന്വേഷിച്ചു് എഴുതാം.

ശേഷം വഴിയേ.

# വയ്യാവേലികൾ

ഒന്നാംതീയതിയായല്ലോ!
പൊന്നും ചിങ്ങം പോയല്ലോ!!
'കുക്കര'മാസം വന്നല്ലോ!
കുക്കുട വല്ലഭർ കൂവുന്നു!!
ചക്കടവണ്ടികൾ പോവുന്നു!
ചാക്കോമാപ്പിളഅലറുന്നു!!
ടീകേയോടി നടക്കുന്നു!
വോട്ടുകളെല്ലാം പോകുന്നു!!
ഐ. എസ്, പി-യും മണ്ഡലവും
അയ്യോ പാസ്സായ്'ത്തീർന്നല്ലോ!
കാൺഗ്രസ് തൊപ്പികളിട്ടല്ലോ!
'കുമ്പളം' ചീഞ്ഞു പഴുത്തല്ലോ!!
പട്ടം ചേട്ടൻ ചിരിയ്ക്കുന്നു!
മന്നം തുള്ളി ചാടുന്നു!
പട്ട കുടിയ്ക്കാഞ്ഞാളുകളും
പട്ടട തന്നിൽ വീഴുന്നു!
പട്ടണം നീറി നശിയ്ക്കുന്നു.
പട്ടാളക്കാർ പാടുന്നു!!
പട്ടം പാറിപ്പറക്കുന്നു.
പാട്ടം ജന്മി പിരിയ്ക്കുന്നു.
പട്ടേൽ കണ്ണു തുറക്കുന്നു!
പട്ടാഭിയ്ക്കൂടി കൊള്ളുന്നു!
പട്ടിണി നാട്ടിൽ പരക്കുന്നു!
പട്ടികളോടി നടക്കുന്നു!
ചെട്ടികൾ നാടു മുടിയ്ക്കുന്നു!
ചിട്ടികളാകെ മുടക്കുന്നു!
ചട്ടികൾ തല്ലിയുടയ്ക്കുന്നു!

തോട്ടികൾ പണികൾ മുടക്കുന്നു!
യക്ഷികൾ കൂട്ടം കൂടുന്നു!
ഭക്ഷ്യക്ഷാമം മൂക്കുന്നു!
മാധവരായർ നീറുന്നു!
മാധവി തുള്ളിച്ചാടുന്നു!
കൗമുദിയേററം പൊങ്ങുന്നു!
പത്രാധിപരും വിളയുന്നു!
സിനിമായിവിടെപ്പെരുകുന്നു!
കണ്ടനും കേളനുമെഴുതുന്നു!
ആണും പെണ്ണും നടിയ്ക്കുന്നു!
നാണം കെട്ടു നടക്കുന്നു!
റേഷൻ കിട്ടാതായല്ലോ!
ഫാഷൻകാരു തളർന്നല്ലോ!
കഞ്ഞി കപ്പേമില്ലല്ലോ!
കുഞ്ഞും കുട്ടീം ചത്തല്ലോ!
താണ്ഡൻ പ്രസിഡൻറായല്ലോ!
ഭാണ്ഡംകെട്ടീ പട്ടാഭി!
കൊറിയായുദ്ധം മൂത്തല്ലോ!
കൊറിയ്ക്കാനരിമണിയില്ലല്ലോ!
ട്രൂമാൻ ബോംബു പൊഴിയ്ക്കുന്നു!
സ്റ്റാലിൻ കണ്ണു മിഴിയ്ക്കുന്നു!
ആററംബോംബുകൾ പേടിച്ച്,
ആററിലിയാററിൽ ചാടുന്നു!
'സൈറൺ'പുളുവടി തുടരുന്നു!
ബോറന്മാർ തല ചൊറിയുന്നു!
അയ്യോ! അയ്യോ!! അയ്യയ്യോ!!!
വയ്യാവേലികളെങ്ങെങ്ങും !!!

A.S.S. മാർക്ക്
നാടൻ നല്ലെണ്ണ
വാങ്ങുവിൻ
പാലസ്റോഡ്, ആലപ്പുഴ

## ആവശ്യമുണ്ട്

കോട്ടയം, ചങ്ങനാശേരി, എറണാകുളം, ചെങ്ങന്നൂർ, തിരുവല്ല, തൃശ്ശൂർ, ഇരിങ്ങാലക്കുട, കോഴഞ്ചേരി, ചേർത്തല മുതലായ സ്ഥലങ്ങളിലേക്കു് വികടകേസരിക്കു് ഏജൻറന്മാരെ ആവശ്യമുണ്ടു്. വിശദവിവരങ്ങൾക്കു് എഴുതിചോദിക്കുക.

മാനേജർ.
വികടകേസരി, ആററിങ്ങൽ.

# "കോട്ടാത്തല സുരേന്ദ്രൻ മരിച്ചിട്ടില്ല"

### ഇൻഫർമേഷൻഡയറക്ടർ പുറപ്പെടുവിക്കേണ്ട ഒരു പ്രസ്സ്നോട്ട്.

കോട്ടാത്തല സുരേന്ദ്രൻ മരിച്ചുപോയെന്നും പ്രസ്തുത മരണം പോലീസുമർദ്ദനംകൊണ്ടാണെന്നും അതിനാൽ പ്രസ്തുത സംഭവത്തേപ്പററി ഒരു പരസ്യാന്വേഷണം നടത്തണമെന്നും മററും കാണിച്ച് ചില പത്രങ്ങൾ വാർത്തകൾ പ്രചരിപ്പിച്ചതിനെ ഗവണ്മെൻറ് ഉൽക്കണ്ഠയോടെ വീക്ഷിക്കയും അവക്ക്, ഈമാതിരി വാർത്തകൾ പ്രചരിപ്പിയ്ക്കാതിരിയ്ക്കാനായി ശക്തിയായ താക്കീതു നൽകുകയും ചെയ്തുകൊള്ളുന്നു. മേൽപറഞ്ഞ വാർത്തയുടെ വാസ്തവസ്ഥിതിയേപ്പററി പൊതുജനങ്ങളെ അറിയിയ്ക്കാൻ ഗവണ്മെൻറ ആഗ്രഹിക്കുന്നു.

ശ്രീ. കോട്ടാത്തല സുരേന്ദ്രൻ ഒരു സാധുവായ കമ്യൂണിസ്ററുകാരനാണ്. അയാളെ ഒരു പോലീസുകാരൻ ഒരു കാപ്പിസല്ക്കാരത്തിനായി സ്റ്റേഷനിലേയ്ക്കു വിളിച്ചുകൊണ്ടുവന്നു. അവിടെവെച്ച് സ്നേഹാധിക്യംമൂലം ചില പോലീസുകാർ അയാളെ മാർദ്ദവമായി തലോടി. സുരേന്ദ്രൻ അപ്പോൾ തന്നെ അവിടുന്നു പോകയുംചെയ്തു. അദ്ദേഹം മരിച്ചു എന്ന് ഗവണ്മെൻറ വിശ്വസിക്കുന്നില്ല. അഥവാ മരിച്ചെങ്കിൽ തന്നെ അതു 'തുള്ളപ്പനി'കൊണ്ടാണെന്ന് അയാളുടെ പിതാവ് പ്രസ്താവനയിറക്കുകയും ചെയ്തിട്ടുണ്ട്. പിതാവിന് ഞങ്ങൾ കുറച്ചുരൂപാകൊടുത്തതു് മററൊന്നിനുമല്ല, കടമായിട്ടുമാത്രമാണ്. ശ്രീ. സുരേന്ദ്രൻ ആസന്നഭാവിയിൽതന്നെ തിരിച്ചുവരുമെന്നാണ് ഞങ്ങളുടെ പ്രതീക്ഷ. പോലീസുകാർ കമ്യൂണിസ്ററുകാരോട് അത്യഗാധമായ പ്രേമത്തോടുകൂടിയേ പെരുമാറുകയുള്ളു എന്നുള്ളതിന് ഈ സംഭവം ഒരുത്തമദൃഷ്ടാന്തമാണ്. ഈ സാധാരണ സംഭവത്തേപ്പററി തല്പരകക്ഷികൾ പ്രചരിപ്പിച്ച വാർത്തകൾ തികച്ചും ദുരുദ്ദേശപരവും അനധികൃതവുമാണെന്നു പ്രസ്താവിക്കാൻ ഗവണ്മെൻറ് ആശിയ്ക്കുന്നു' ഈയിടെ കൗമുദിയാഴ്ചപ്പതിപ്പിൽ 'സുരേന്ദ്രൻെറ പിതാവിനൊരു തുറന്നകത്ത്' പ്രസിദ്ധപ്പെടുത്തിയ വിദ്വാനേയും ഞങ്ങൾ കഠിനകഠിനമായി താക്കീതുചെയ്യുന്നു. ഇതുകൊണ്ടൊന്നും പൊതുജനങ്ങൾ വഞ്ചിതരാകാൻ പോകുന്നില്ല. കാൺഗ്രസ്സ് ഗവണ്മെൻറ് പൊതുജനനന്മയ്ക്കുവേണ്ടിയാണ് നിലകൊള്ളുന്നതെന്ന് ഒന്നുകൂടി ഊന്നിപ്പറഞ്ഞുകൊണ്ട് ഈ പ്രസ്സ്നോട്ട് അവസാനിപ്പിയ്ക്കുന്നു.

---


കൊല്ലത്തു വന്നുചേന്നു—

## പുതിയതരം കുടകൾ!

വളരെക്കാലം ഉപയോഗിക്കാമെന്നുള്ളതും വില കുറവുള്ളതും ഭംഗിയേറിയതുമായ പലതരം കുടകൾ വന്നുചേർന്നിരിക്കുന്നു. ഉടൻ അന്വേഷിക്കുക.

V. കുട്ടപ്പൻ പിള്ള, കുടവ്യാപാരം.
വടയാററുകോട്ട,-കൊല്ലം.

# ഫലിതപ്പൊടികൾ

(M. K. A.)

യുവാവു്.—ഞാനൊരു സുന്ദരിയുടെ മനസ്സപഹരിച്ചിരിയ്ക്കയാണു്.

മററവൻ:—അപ്പോൾ വിവാഹം ഈയിടെയുണ്ടോ?

യുവാവു്:—ഞാനപഹരിച്ചതുകൊണ്ടു് അവൾക്കിപ്പോൾ "മനസ്സില്ലാ"തായിത്തീർന്നിരിയ്ക്കയാണു്.

* * * *

അലക്കുകാരൻ—അങ്ങത്തേ ഏഴു ദിവസത്തേക്കു് അലക്കുകൂലി മൂന്നര ചക്രമാണു്. പത്തു ദിവസം കഴിഞ്ഞു മതിയെങ്കിൽ മൂന്നു ചക്രംവീതം തന്നാൽ മതി.

അങ്ങത്ത്—അപ്പോൾ മൂന്നു ദിവസത്തേക്കു് അരച്ചക്രത്തിന്റെ വ്യത്യാസമേയുള്ളല്ലോ. ശരി മൂന്നു ദിവസം കഴിഞ്ഞു കൊണ്ടുവരണം. അരച്ചക്രം കൂലി തന്നാൽ മതിയല്ലോ.

* * * *

(എള്ളാട്ടുന്ന സ്ഥലത്തു ചെന്നിട്ടു്)

ഒരാൾ—ചേട്ടാ, ഒരു കട്ട എള്ളിൻപിണ്ണാക്കു തരുമോ?

ആട്ടിയ്ക്കുന്ന ആൾ—ച്ഛേ, എള്ളിൻപിണ്ണാക്കു തിന്നരുതു്. ശരീരത്തിനു കേടാണു്. വീട്ടിൽ വന്നാൽ ഒരു പറ എള്ളു തന്നേക്കാം. എന്നാലും ഇതു തിന്നരുതു്.

* * * *

(ഒരു വീട്ടുകാരനും അതിഥിയും കസേരയിലിരുന്നു് ചോറുണ്ണുന്നു.)

വീട്ടുകാരൻ—എടീ കുറച്ചു ചോറുകൂടെ കൊണ്ടുവാ.

(വീട്ടുകാരി ചോറില്ലെന്നറിയിയ്ക്കാനായി കാലുകൊണ്ടു് ഭർത്താവിന്റെ കാലിൽ ചൊറിയുന്നു.)

വീട്ടുകാരൻ—(വീണ്ടും) എടീ കുറച്ചു ചോറുകൂടെ കൊണ്ടുവരാനല്ലേ പറഞ്ഞതു്.

(വീട്ടുകാരി വീണ്ടും കാലിൽ ബലമായി ചൊറിയുന്നു. ഭാഗ്യദോഷത്താൽ ചൊറിഞ്ഞതെല്ലാം അതിഥിയുടെ കാലിലായിരുന്നു)

അതിഥി—അയ്യോ ചോറു കിട്ടിയില്ലെങ്കിലും വേണ്ടില്ല. എന്റെ കാലിലെ തൊലി ശകലമെങ്കിലും വെച്ചേക്കണേ.

* * * *

ഗർഭിണി—ഇങ്ങനെ എന്നെ ഉപദ്രവിച്ചാൽ ഞാൻ കന്യാസ്ത്രീമഠത്തിൽ പൊയ്ക്കളയും.

ഭർത്താവു്—ഓമനേ ദയവുചെയ്തു് പ്രസവിച്ചിട്ടേ പോകാവേ.

---


## അംബികവിലാസം റെസ്റ്റാറൻറ്

മീനാംബികാതിയേറററിനു മുൻവശം, ആററിങ്ങൽ.

പൊതുജനങ്ങളുടെ സൗകര്യത്തെ ഉദ്ദേശിച്ച് സ്ഥാപിച്ചിട്ടുള്ള ഏകസ്ഥാപനം.

ഏററവും രുചികരമായ പദാർത്ഥങ്ങൾ ഏവക്കും തൃപ്തികരമായ രീതിയിൽ എപ്പോഴും തയ്യാർ.

പ്രൊ: പി ശങ്കരൻനായർ.

# "കോമപ്രശ്നവും കുതന്ത്രഹോമവും"

(പി. വി. പാണ്ടനാടൻ)

വീട്ടിൽ മൂത്തകാർണോനും അനന്തിരവരും പരിവാരങ്ങളും നാലുകെട്ടിൻെറ മുററത്തു ദത്തദൃഷ്ടികളായി ഒളിഞ്ഞും തെളിഞ്ഞും അങ്ങുമിങ്ങും നില്ക്കുന്നു. കാർണോൻെറ മുഖത്തു് ഒരു "പെണ്ണുപെററ" വീട്ടിലെ ഛായയുണ്ടു്. പെണ്ണിൻെറ പുതിയ "സംബന്ധക്കാരൻ' ആണെന്നുതോന്നുന്നു—ഒരു "കുറുമുണ്ടൻ" വാരക്കയ്യിൽ പടിച്ചുകൊണ്ടുനില്ക്കുന്നു.

കണിയാർ നടുമുററത്തു് "ചമ്രംപടിഞ്ഞു" ഇരുപ്രശ്നംവയ്ക്കുകയാണ്. റേഷൻഹോട്ടൽ മാനേജരെ ശപിച്ചുകൊണ്ടു പച്ചരിച്ചോറു വെരകുന്നതുപോലെ കണിയാർ കവടിക്രിയചെയ്യുന്നു.

"എന്നാ കണിയാരെ! എന്തോവേലുംപറ" കാർണേൻ ധൃതികൂട്ടി.

കണിയാർ ചെവിയുടെപുറകിൽ കൈകോട്ടിപ്പിടിച്ചുകൊണ്ടു് കാർണോൻെറ മുഖത്തുനോക്കി.

"അടിയൻ. എന്താ ?

"എന്തോ വേലും പെട്ടെന്നുപറ" അവിടെനിന്ന ഒരു "കററിമീശക്കാരൻ" വിളിച്ചുപറഞ്ഞു.

"പീലിപ്പോതെ' ഒന്നു പറ്റുക്കെപ്പറ. വല്ലോരും കേട്ടാലക്കൊണ്ടു്........" കൊക്കിപ്പുഴവിൻെറ ശല്യമുണ്ടെന്നുതോന്നുന്ന പ്രായമൂപ്പുള്ള ഒരു കഷണ്ടിക്കാരൻ ഘണദോഷിച്ചു.

"അടിയൻ ഇതു ദേവപ്രശ്നമാ. അടിയൻ കുറെ ചിന്തിക്കണം."

"എന്തോന്നാ?" ഒരുവൻചോദിച്ചു.

"അടിയൻ ദേവപ്രശ്നം."

"ദേവപ്രശ്നമോ? കണ്ണുരുട്ടിക്കൊണ്ടു മറെറാരുവൻ ആക്രോശിച്ചു.

"അടിയൻ" കണിയാർ ചൂളിപ്പോയി.

"ദേവം അതു സാത്താൻെറ പാഷയ" മറെറാരുവൻപറഞ്ഞു.

"അതെ, അതാ" ഇന്ത്യമണ്ണലക്കാരുടെ" വാക്കാ" അപരൻ പിൻതാങ്ങി.

"ആ പേരുവേണ്ടാ; വേറെ ഒരു പേരുതന്നെ അതിനുപറ" കാർണോർ വിധിച്ചു.

"അടിയൻ" കണിയാർ ആലോചനയിൽ മുഴുകി

"കോമപ്രശ്നം എന്നാക്കു. അതു നല്ല പ്രയോഗമാ, എൻെറ 'നിഴലുകളിൽ' "കോമ" എന്നു ഞാൻ പോലും പ്രയോഗിച്ചിട്ടുണ്ടു്." ഒരു "വെള്ളക്കുഴി"പണ്ഡിതൻ അഭിപ്രായപ്പെട്ടു.

"എന്തോവേലും പറ" കാർണോൻ ധൃതികൂട്ടി.

"അടിയൻ. ലഘ്നം ജൂലായ്. രണ്ടാമം ...."

"എടോ! മടേം കൊട്ടാരോം ഒന്നും പറേണ്ടാ. എന്തോ ദോഷമൊണ്ടെന്നു പറ."

"അടിയൻ, ആയുർഭാവം........'അഷ്ടമം കൊണ്ടു ചിന്തിപ്പൂ "എന്നാ....അടിയൻ"

"എന്നിട്ടു് ഒന്നുവെക്കംപറ'

"അഷ്ടമത്തിൽ പട്ടം ദൃഷ്ടിചെയ്യുന്നുണ്ടു്. പട്ടം എന്നാൽ ശനി: അടിയൻ"

"അതുകൊണ്ടു്....?"

"അഷ്ടമേപട്ടമെത്തീടിൽ

പൊട്ടും പെട്ടെന്നു നിശ്ചയം എന്നാ ആചാര്യൻ കേളപ്പൻ........അടിയൻ."

"ഇനീം വല്ലോരുമൊണ്ടോ?"

"അടിയൻ" കണിയാർ വിരലിൽ കണക്കുകൂട്ടി.

"എത്രായിരമൊക്കെയെണ്ടു്? ഇങ്ങോട്ടുപറ. ഞാൻ കൂട്ടാം. കാര്യമൊന്നുപറ." ആ കഷണ്ടിക്കാരൻ ധൃതികൂട്ടി.

"അടിയൻ കമ്മ്യൂണിസ്റ്റു മണ്ഡലബാധകൾ എന്നുനവീനശാസ്ത്രം. രാഹുകേതുക്കളെന്നും അവയ്ക്കു പഴേ ആചാര്യർ........അടിയൻ."

"ഫലം" അമ്പേ, കാരണോൻെറ ഭയം.

"മണ്ഡൻകമ്മ്യൂണിസ്റ്റേൽ പൈവ;

ദൃഷ്ടിദോഷോൽ ഭവേ ച്യുതി:" എന്നാ കേളപ്പാചാര്യൻ പറേണെ."

"ഇയ്യാള് 'രാമാണം'പാടാതെ കാര്യംപറ?.

"അതും ആയുർദോഷമാ. അടിയൻ."കണിയാർ വീണ്ടും കണക്കുകൂട്ടി കണ്ണുമിഴിച്ചിരുന്നു.

"എന്നാ കണിയാരെ! ഒന്നുപറ. പേടിക്കുന്നതെന്താ?"

"അല്ല. മറെറാരു വല്യദോഷമൊണ്ടു്."

"എന്തവാ............?" കാരണോൻ പകച്ചുനിന്നു.

"കേശവോയമുസലാഖ്യോ
പിഴയ്ക്കിൽധർമ്മ ദൈവച
മൃത്യുനിശ്ചയമെന്നോതാം

ബാധിദ്യം മമ ഏവച: അടിയൻ. ഇരുമ്പുലക്കപ്രമാണക്കാരനും കേശവൻ എന്ന അഭിധാനത്തോടു കൂടിയവനും ആയ ധർമ്മ ദൈവംപിഴയ്ക്കിൽ മരണം നിശ്ചയം.

"അങ്ങനെയോ ? കാർണോൻ പരിഭ്രമിച്ചു

"അടിയൻ അതിനുതെളിവുണ്ടോ സ ചരാഭരണയുഗത്തിൽ സി. പി-യെന്ന അനാഥപ്രേതത്തോട് ഈ ധർമ്മദൈവം പിണങ്ങിയകാലത്തു വലിയകലാപമുണ്ടായി, അക്കാലത്താ അടിയനു് ഈ ചെവികേക്കാഴികവന്നതെന്നു അങ്ങാടിക്കാങ്ങള് പറേന്നേ അടിയൻ"

"കൊള്ളാം പള്ളിക്കെന്നും കരുതി 35 സെൻറു സ്ഥലം നീക്കിവച്ചുകൊടുത്തു. നാട്ടനീളെ സഞ്ചരിച്ച് കോൺഗ്രസ് കൊച്ചിനോ ഞങ്ങൾക്കോ വരുന്ന അരിയും എരും കൊള്ളുന്നിടംകൊണ്ടു തട്ടത്തുകൊള്ളാൻ ഒരു കാർവാഹനവും കൊടുത്തു. എന്നിട്ടും........"

"വളരെ കോപിച്ചോ........"

"അതിനെന്താ പോംവഴി........?"

"ഒരു സുദർശന ഹോമം നടത്തിയാൽ മതി"

"കണിയാരു പിന്നെ സാത്താൻെറ പാഷ പറയാതെ" ഒരു അനന്തിരവൻ കോപിച്ചു.

അടിയൻ പത്തെഴുതുമ്പോൾ അതിനൊരു പേരെഴുതണമല്ലോ. അതിനു കല്പിച്ച് ഒരു പേരു്..........

"എടോ കുതന്ത്രഹോമം" ഒരു ഇളമുറക്കാരൻ പേരു പറഞ്ഞു കൊടുത്തു.

"അടിയൻ ഇനീം ഒരു കമ്മിയെക്കൂടെ സങ്കല്പിച്ചോട്ടെ."

"ഉം ഞാനനുഹിച്ചു" കാർണോൻ പറഞ്ഞു.

കണിയാർ കവിടി വാരിവച്ചു വീതിച്ചു കണക്കുകൂട്ടി. അടിയൻ, ഒത്താലും ഒത്തില്ലേലും മാന്ത്രികൻ അതേയൊള്ളല്ലോ. അതുമതി. ആരാ ഈ മാന്ത്രികൻ?"

"താൻ കേട്ടിട്ടുണ്ടോ പല്ലന ഉസ്തിസ്സാമി എന്നൊരു മന്ത്രവാധിയെ?"

"അടിയൻ അടിയൻ."

കണിയാർ ചാത്തെഴുതിക്കൊടുത്തു പ്രതിഫലവും വാങ്ങി നടന്നുനിന്നു.

---


★ ഉടുപ്പിസുബ്രഹ്മണ്യവിലാസം ★

പോററി ഹോട്ടൽ & ലാഡ്ജിംഗ്

ബസ്സ്റ്റാൻഡ്, കായംകുളം.

ഡിന്നർപാർട്ടി, ഗാർഡൻപാർട്ടി തുടങ്ങിയ വിശേഷങ്ങൾക്കു് ഞങ്ങളെ സമീപിക്കുക. താമസത്തിനു സൗകര്യപ്രദമായ മുറികൾ വാടകക്കു കൊടുക്കപ്പെടും.

പ്രൊ: എൻ. കൃഷ്ണൻപോററി.

A.S.S. മാർക്ക്
നാടൻ നല്ലെണ്ണ
വാങ്ങുവിൻ
A.S.S
പാലസ്റോഡ്, ആലപ്പുഴ

ഏററവും രുചികരമായ
A. G. ബാബൂസ് ററീ.
മൊത്തമായും ചില്ലറയായും വില്ക്കപ്പെടും.
ഏജൻറ്:—
K. K. ഗോപാലൻ,
കടയ്ക്കൽ.

## ചന്ദ്രികാസ്റ്റോർ

ഒരിക്കലും നിരാശപ്പെടരുതെ !

സ്റ്റേഷനറി—ബീഡി പുകയില—പുകയില

കച്ചേരിക്കുസമീപം * * * * ആററിങ്ങൽ.

ഒന്നാംതരം നീപ്പാനി ബീഡിപ്പുകയില ബീഡിഇലാ ഇവയും നല്ലസയ്സിലുള്ള വടക്കൻ പുകയില, സിഗരററുകൾ, പൊടി, വാസനദ്രവ്യങ്ങൾ, സോപ്പുകൾ തുടങ്ങിയ സാധനങ്ങൾ മിതമായവിലക്കു മൊത്തമായും ചില്ലറയായും വിൽക്കപ്പെടും.

പ്രൊ: കെ. രാഘവൻ.

## മഹാദേവസ്റ്റോർ

അവനവഞ്ചേരി :: :: ആററിങ്ങൽ.

ക്ലോത്തുമർച്ചൻറ് & ജനറൽ

ഇവിടെ എല്ലാവിധസാധനങ്ങളും മിതമായവിലക്ക് വിൽക്കാൻതയ്യാർ.

N. B. ഒന്നാംതരം നാടൻ എള്ളിൻ എണ്ണയും മൊത്തമായും ചില്ലറയായും കൊടുക്കപ്പെടും.

മാനേജർ.

## സമീപിക്കുവിൻ! ★ എവിടെ?

കഴക്കൂട്ടം മഹാദേവവിലാസം തിയേററിനുസമീപം സ്ഥാപിച്ചിരിക്കുന്ന ഈ മഹൽ സ്ഥാപനത്തിൽ ഒന്നാംതരം പുകയില, ബീഡിയില, സുക്ക, പൊടി, പലയിനം സോപ്പുകൾ മററു സ്റ്റേഷനറി സാധനങ്ങളും മിതമായ വിലക്കു ആവശ്യമുള്ളവർ ഞങ്ങളോടു ആവശ്യപ്പെടുക.

പ്രൊ: പ്രഭാകരൻ.

# എം. എൽ. എ. പ്രാർത്ഥന

—കിട്ടുണ്ണി—

എം എൽ എ! കൈതൊഴാം കേൾക്കമാറാകണം
പാവമെൻ ഡോട്ടറേ കാക്കമാറാകണം.
നന്മകളുണ്ടാകാൻ നീ കനിഞ്ഞീടണം
എന്മകൾക്കായ് നീ ശുപാർശ ചെയ്തീടണം
നേർവഴിയ്ക്കുദ്യോഗം കിട്ടാനസാദ്ധ്യമാം
നേർവരും മന്ത്രിയേ കാണുമാറാകണം
എം എൽ എ! കൈക്കൂലിയെത്രയും നല്കീടാം
എന്നാലുമിക്കാര്യമൊന്നു നീയേല്ക്കണം
നല്ലൊരീ ഗേളിൽ ഹോ! പ്രേമമുണ്ടാകണം
നെല്ലരിയുണ്ണുവാൻ നീയിടയാക്കണം
നല്ലതേൻ വാണിയാം പ്രാണിയാണെന്മകൾ
ഇല്ലിവൾക്കിന്നൊരു ദൂഷ്യവും ചൊല്ലുവാൻ
ഒൻപതാം ക്ലാസ്സിവൾ പാസ്സായിനില്ക്കയാ-
ണിമ്പമായ് "ടൈപ്പ്"ടിച്ചീടുമിക്കണ്മണി
കൃത്യങ്ങൾ ചെയ്യുവാൻ—തൂത്തുവാരീടുവാൻ
മത്തങ്ങാകൊണ്ടൊരു കൂട്ടാൻ ചമയ്ക്കുവാൻ!
പാത്രങ്ങൾ തേയ്ക്കുവാൻ—ചോറുവെച്ചീടുവാൻ
സൂത്രത്തിൽ ചമ്മന്തിയൊന്നരച്ചീടുവാൻ
സത്യംപറയുകിൽ ശക്തിയില്ലെന്മകൾ—
ക്കാകയാൽ ക്ലാർക്കിയായ് തീർക്കുവാനോർക്കണം.
വാടകയ്ക്കായൊരു വീടെടുത്തീടണം
എപ്പൊഴും വേണ്ടതന്വേഷിച്ചുകൊള്ളണം
ദുഷ്ടസംസർഗ്ഗം വരാതെയായീടണം
ശിഷ്ടനാം നീതന്നെയേറ്റുകൊണ്ടീടണം
എം എൽ എ! കൈതൊഴാം കേൾക്കമാറാകണം
പാവമെൻ ഡോട്ടറേ കീപ്പുചെയ്തീടണം.

---

# രാഷ്ട്രീയ കുഴൽക്കണ്ണാടിയിൽ നിന്നും

പേരൂർക്കട ആശുപത്രിയിൽ ഡാക്ടരോ പ്രസവമറികളോ വേണമെന്നു തോന്നുന്നില്ല. അതെല്ലാം അവിടെയുള്ള കിണറുകൊണ്ടു സാധിക്കാമെന്നാ പരുവത്തിലായി.

.................................................................

ചേർത്തല ഒരു റേഷൻകടയിൽ ആളില്ലാത്ത 100 ഓളം യൂണിററുള്ള ഒരു കാർഡു കണ്ടിട്ട് പരിശോധിച്ച ഉദ്യോഗസ്ഥൻ പിന്നെന്തുചെയ്തോ ആവോ.

.................................................................

ഭക്ഷ്യവകുപ്പിൽ 14 ലക്ഷം കാണാത്തതിൻെറ രഹസ്യം പ്രസ്സനോട്ടിൽ പറഞ്ഞിട്ടുണ്ട്. വളരെ ധാന്യങ്ങൾ ഇരുന്നു ചീത്തയായിപ്പോയികാണുമല്ലോ. അതിൻെറ കണക്കെടുക്കുകയുമാണ്, ചീത്തയായിപ്പോകുന്നതുവരെ വച്ചിരുന്നതു് ആരുടെ മൂത്തമ്മയ്ക്കായിരുന്നെന്നുമാത്രം മനസ്സിലാകുന്നില്ല.

.................................................................

കെ. പി. സി. സി. പ്രസിഡണ്ടിനു് നീതിബോധമില്ലെന്നു ശ്രീ. സി. കേശവനൊ, മസ്ക്രീനോ പറഞ്ഞാൽ അതെത്ര വാസ്തവമാകുമെന്നു അറിഞ്ഞുകൂടാ. തേവലക്കര വൈദ്യനോ, ബ്രഹ്മവൃതനോ പറഞ്ഞാൽ ശരിയാണ്. മുമ്പൊരിക്കൽ ഒരു നട്ടുച്ചയ്ക്കു് തേവലക്കരവൈദ്യനെ വഴിയിൽ പിടിച്ചുനിത്തി "മീശ"വെട്ടി കയ്യിൽകൊടുത്തയച്ചതും, വൈദ്യൻ വീട്ടിൽ എത്തിയശേഷം, ക്ഷൗരംചെയ്തതന്നതിനു് എൻെറ കയ്യിൽ കാശില്ലാഞ്ഞതുകൊണ്ടാണ് അപ്പോൾ തരാതിരുന്നതെന്നും തല്ക്കാലം ക്ഷമിക്കണമെന്നും നല്ലൊരു കുടുംബാംഗം ഈ ജോലിയിൽ ഏർപ്പെടേണ്ടിവന്ന വിധിയെ ഓർത്തു തപിക്കുന്നെന്നുംമററുമെഴുതി "മീശ" സഹിതം കവറിലാക്കി അയച്ചുകൊടുത്ത കഥ അധികമാരും മറന്നിരിക്കയില്ല. ക്രിമിനൽകേസു് 16-ഒ പിന്നെന്തു?


## എസ്സ്. കെ. വി. ഹോട്ടൽ & ററിഷപ്പ്

പരിഷ്കൃതരീതിയിൽ ഏററവും രുചികരമായ ആഹാരസാധനങ്ങളും, പാനിയങ്ങളും ശുചിയായി കഴിക്കണമെന്ന ആഗ്രഹമുള്ളവർ ഞങ്ങളെ സമീപിക്കുവിൻ.

നെടുമങ്ങാട്ട്, മാനേജർ.

സിവിലോ? സ്ഥലംമാററം ആവശ്യമുള്ള മജിസ്ട്രേട്ടന്മാർ ഈ കേസ് വിചാരണക്കെടുത്താൽ കാര്യം സാധിക്കാം. പണ്ഡിതജി പറഞ്ഞതു ശരിയാണ്. ഡിഗ്രിയും, ഡിപ്ലോമായും ഇനി സ്ഥാനമൊന്നുമില്ല. ആനയുടെ അമ്മയുടെ കരുത്തുണ്ടോ? അതു മതി. കരബലകല്പിതമാണ് ഭരണകാര്യം.

ഈ ജനകീയ രാജ്യത്ത് രണ്ടേരണ്ടത്ഭുതസംഭവങ്ങളുണ്ടായിട്ടുണ്ട് എന്താണെന്നറിയാമോ? നമ്പർവൺ കുഞ്ഞുരാമൻെറ സ്ഥാനാരോഹണം. നമ്പർ ട്ടു കറിക്കല്ലാതൊരുവകയും കൊള്ളാത്ത കുമ്പളത്തിൻെറ സ്ഥാനാരോഹണം. ഭരണം സാധാരണക്കാരൻേറതായെന്നർത്ഥം. ഏതായാലും ഇവിടെയുള്ളവരുടെ ഭാഗ്യദോഷമെന്നല്ലാതെ എന്തു പറയട്ടെ.

സുരേന്ദ്രൻെറ കൊലയ്ക്കുകാരണമായതു് 1-ന്, 1 എന്ന കണക്കനുസരിച്ചാണെങ്കിലും തെററാണല്ലോ കർത്താവേ. പിതാവിൻെറ പ്രസ്താവന എഴുതിയ "മഷി" ചീഞ്ഞുനാറിയ ററി. പി. കളുടെ ദുർഗ്ഗന്ധത്തിൻേറയും പോ: സംസ്കാരത്തിൻേറയും നാററം പിടിച്ചതുതന്നെയായിരുന്നു.

വെയ്ക്കത്തു് ഒരു പട്ടക്കാരൻ രാത്രിയിൽ മേടയിൽ കിടന്നുറങ്ങാതെ കയറെടുത്ത കാളയെപ്പോലെ പാതിരാത്രിക്കു വേലിപൊളിക്കാൻചെന്നിട്ടു വല്ലകാര്യവുമുണ്ടായിരുന്നോ? ദൈവജോലിക്കാരൻ ആശുപത്രിയിലായതും ദൈവവിധിതന്നെ.

ശിവഗിരിയിലെ പാലം പെട്ടെന്നു പൂർത്തിയാക്കുവാൻ അധികാരികൾ ശ്രദ്ധിക്കണെ. ഒരു ചാട്ടത്തിനു മറുകരപ്പററിക്കുവാൻ സാധിക്കുമായിരുന്നെങ്കിൽ പിന്നീടായാലും മതിയായിരുന്നു ഇതങ്ങനെയല്ല. രണ്ടുപ്രാവശ്യം ചാടാതെ മറുകര എത്തുകയില്ല.

## കൈപ്പററി

ആയ്യൂർ കൃഷ്ണൻപോററിയാൽ വിരചിതവും ചെറുകഥകളാൽ സമാലംകൃതവുമായ "അവകാശി" എന്ന പുസ്തകം കൈപ്പററിയിരിക്കുന്നു. യുവകവിക്കു് വികടകേസരിയുടെ ഭാവുകാശംസകൾ.


ഊററവ്—മണം—രുചി ഇവയ്ക്കു്
കൈലാസ് തേയില എപ്പോഴും
ഉപയോഗിപ്പിൻ!
പേട്ട * * തിരുവനന്തപുരം.
പ്രൊ: വി. മാധവൻപിള്ള.

A.S.S. മാർക്ക്
നാടൻ നല്ലെണ്ണ
വാങ്ങുവിൻ
പാലസറോഡ് ആലപ്പുഴ

—വിശ്വവിലാസ് ഫാർമസി
പോത്തൻകോട് A. O.

വിദഗ്ദ്ധമായ മേൽനോട്ടത്തിൽ, ശാസ്ത്രരീത്യാ, തയാർ ചെയ്തിട്ടുള്ള എല്ലാവിധ ഔഷധങ്ങളും പരിമിതമായ വിലയ്ക്കു ഇവിടെ കിട്ടുന്നതാണ്.

**N. B.** കുഞ്ഞുങ്ങൾക്കുണ്ടാകുന്ന എല്ലാ രോഗങ്ങളേയും നിശ്ശേഷം മാററി—അവരുടെ ആരോഗ്യം സംരക്ഷിക്കുവാൻ—ഞങ്ങളുടെ ബാലാമൃതം ഉപയോഗിക്കുക—

വില കുപ്പി 1—ക്കു് 12 അണ.

പ്രൊ: എ. വിശ്വംഭരൻ വൈദ്യൻ.

# ★ നാട്ടുവർത്തമാനങ്ങൾ ★

തിരുവനന്തപുരം:—പൊട്ടക്കുഴിയിൽ താമസക്കാരനായ ഒരു കോഓപ്പറേററീവ് ഇൻസ്പെക്ടർക്ക് മററു പല ബിസിനസ്സുകളും കൺട്രാക്ട്പണിയുമുള്ളതായി സിക്രട്ടറിയേററിലും സിററിയിലും ഒരു സംസാരം നടക്കുന്നു. വിശദവിവരം അന്വേഷിച്ച് അടുത്തതിൽ, ശ്രീകണ്ഠേശ്വരത്തുനിന്നും വിതരണം നടത്തുന്ന ഹാരീസ് തേയിലയിൽ ഊററകിട്ടുന്നതിനുവേണ്ടി എന്തോ മായംചെയ്തു വില്പനനടത്തുന്നതായി ചില ചായകുടിക്കാരുടെ പരാതിബഹളം. ആസാദുഹോട്ടലിലെ ആഹാരങ്ങൾക്കു് ഒരു പുതുമയുണ്ടു്. ഗവ: അസി; സിക്രട്ടറി മി: കെ. കെ. മാധവൻ റോഡ്വെട്ടിപ്പും, കശാലപിടിപ്പുംകൂടിയുണ്ടെന്നു കററച്ചക്കോണം മുക്കിൽ വച്ചു മനസ്സിലായി. കൈതമുക്കിൽ ശിവാനന്ദവിജയം ററീഷാപ്പു് ഉത്തരോത്തരം അഭിവൃദ്ധിയിൽതന്നെ, ഉള്ളൂർ ഇംഗ്ലീഷ് മിഡിൽസ്കൂൾ ഹെഡ്മാസ്റ്റർ മി: I-പ്പരു് സാറേ തിരുവിതാംകൂർ നാണയം സാധുക്കളായ കുട്ടികൾ ഫീസിനുകൊണ്ടുവരുന്നതു എടുക്കണേ! സാറേ! ഇംഗ്ലീഷുകാരനാകുന്നതു കഷ്ടമാണേ! സാറേ! സാറൊരു വാദ്ധ്യാരാണല്ലോസാറേ! ട്രഷറിയിൽ ഒരു ശംകരപ്പിള്ള തിരുവിതാംകൂർ നൂറുരൂപാ ഇൻഡ്യൻനാണയത്തിൽകൊടുത്താലും 95–നു് വിളിക്കുന്ന രഹസ്യം വിശദമായി അടുത്തതിൽ. ഗസ്റ്റ്ഹൗസ് സൂപ്രണ്ടൻറ് ആഫീസുജോലിക്കാരെ ന്യായമായവിധത്തിലെ കഷ്ടപ്പെടുത്താവൂ. മാസികവിലാസക്കാർക്കു് ശരിയായി കിട്ടുന്നില്ല. (അഞ്ചൽകുഴപ്പം)

പേരൂർകട:—വസന്താ ടെക്സ്റ്റയിലിൻെറ സംഗതി പറയണമെന്നില്ലല്ലോ. നാഷണൽ ഹോട്ടൽ പേരൂർക്കട മുക്കിലെ ഒരു മികച്ച സ്ഥാപനമാണെന്നു ആലപ്പുഴ ഹോട്ടൽ പാർക്കിൽവച്ചു ഒരു മഹാൻ അഭിപ്രായപ്പെടുന്നു. (അഞ്ചൽകുഴപ്പം)

പരവൂർ:—കമ്പോളത്തിനു കിഴക്കുവശം സ്ഥിതിചെയ്യുന്ന ഇടവഴിയുടെ ദയനീയമായ നില പഞ്ചായത്തുകാർ ഗൗനിക്കുമോ! ആനന്ദവിലാസം നായർ ഹോട്ടൽ രുചിക്കും ശുചിക്കും ഒന്നാംതരം. മാസിക അഞ്ചൽമാൻ വിലാസക്കാർക്കു കൊടുക്കണേ!

(അഞ്ചൽകുഴപ്പം)

മയ്യനാട്ട്:—ഒരു റേഷൻകടയിൽ അരി മേടിക്കാൻ ചെന്ന 72 വയസ്സു പ്രായമുള്ള ഒരു വയസനെ ദേഹോപദ്രവമേല്പിച്ചു അയച്ച മാന്യനെ കുറിച്ചു അടുത്തതിൽ. ടി കടയിൽ രാത്രി 10 മണിമുതൽ കരിഞ്ചന്ത തകൃതിയായി നടക്കുന്നുപോൽ. 65 വയസ്സുള്ള ഒരു മണ്ണാത്തിയുടെ പ്രേമകഥ വിവാഹത്തിൽ കലാശിച്ചുപോലും. വികടകേസരിയുടെ മയ്യനാട്ട് ഏജൻറായി പ്രഭാതം ഏജൻറ് മി. എച്ച്, അബ്ദുൽഅസീസിനെ നിയമിച്ചിരിക്കുന്നു. (വി. കേ. പ.)

കൊല്ലം:—ആനന്ദവല്ലീശ്വരം ക്ഷേത്രത്തിനു കിഴക്കുവശം ശ്രീ. ദാമോദരൻ ജോത്സ്യരുടെ ഉടമസ്ഥതയിൽ ഇന്നിരിക്കുന്ന ജോതിഷാലയത്തിനു സ്വാഗതം. ക്ഷേത്രം രണ്ടാംശാന്തിയുടെ രണ്ടാംവിവാഹം കശപിശയിൽ കലാശിച്ചതു പുറകേ പറയാം. മുളങ്കാടകം സ്കൂളിലെ തയ്യൽ സാറിൻെറ തലവേദ നഭേദമായോ. വൈകുന്നേരം വീട്ടിലേക്കു താമസിച്ചുപോകുന്ന രഹസ്യം മനസ്സിലായി. ടി സ്കൂളിലെ വളഞ്ഞ വാദ്ധ്യായനിയുടെ അസമയ സഞ്ചാരവും സെക്കൻഷോ സന്ദർശനവുംമനസ്സിലായി. ആശാരിസാറേ—കൊട്ടാരക്കരക്കു് മാററം കിട്ടിയിട്ടും കൊല്ലത്തുതന്നെ എപ്പോഴും കാണാമല്ലോ. മെയിൽറോഡിൽ പന്മനാഭനാചാരിയുടെ സ്വർണ്ണക്കടയിൽ വിവിധതരത്തിലുള്ള സ്വർണ്ണാഭരണങ്ങൾ ഉത്തരവാദിത്വത്തോടുകൂടി കിട്ടുന്നതാണു്. ക്രൗൺബേക്കറി കൊല്ലം ററൗണിലേ ഒരു കല്പവൃക്ഷംതന്നെയാണു്. ചില ആശുപത്രികളിലേ നേഴ്സുകൾ പയിപ്പുവെള്ളം അമിതമായി ചിലവാക്കുന്നുണ്ടെന്നു് ഒരു സംസാരംനടക്കുന്നു. തിരുമല്ലവാരംറോഡിലേ മൂന്നു കലുങ്കുകൾ ശോച്യാവസ്ഥയിൽ. അധികാരികൾ ശ്രദ്ധിക്കണേ. പുതിയ മുൻസിപ്പൽ സാനിട്ടറി ഇൻസ്പെക്ടർ കൃത്യനിഷ്ഠയുള്ള ഒരു ചെറുപ്പക്കാരൻതന്നെ. ബസ്സ്റ്റാൻഡിൽ മോഡേൺകഫേയിൽ യാത്രക്കാരുടെ ഹിതാനുസരണംമുള്ള ആഹാര പാനിയങ്ങൾ സദാ തയാർ. കൊല്ലത്തെ ഒരു അത്ഭുതസംഭവം പള്ളിമുററത്തെ കരിവിരമേഷയുദ്ധംവരുന്നു.. ചിന്നകടയിലെ അന്നപൂർണ്ണാലയവും സരസ്വതിവിലാസം നായർഹോട്ടലും ഭംഗിയായിനടക്കുന്നു.

കായംകുളം:—പീലീപ്പോസു-അലാക്കാണ്ടർ ചെറിയാൻ ഇവരുടെ റേഷൻ വിതരണവും പഞ്ചസാര വിതരണവും വഴിയേപറയാം. കമ്പോളത്തിലെ ഒരു സ്വർണ്ണാഭരണവ്യാപാരിയുടെ ഡിമാലഗ്ഗണ്ടർ പ്രയോഗം അടുത്തതിൽ. കൃഷ്ണപുരം കായംകുളം എന്നിസ്ഥലങ്ങളിലെ വികടകേസരിയുടെ ഏജൻറായി തേവലപ്പുറത്തു ശ്രീ. ജി. ശംകരപിള്ളയേ നിയമിച്ചിരിക്കുന്നു.

(വി കേ പ)

ആലപ്പുഴ:—ഫുഡ്ഗ്രയിൽഡ് ആഫീസർ മി: ജോസഫ്സാറിനെപററിയ അമിളി അടുത്തലക്കത്തിൽ. കേരളകൗമുദി ചീഫ്ഏജൻറ് മി: പി. കൃഷ്ണൻ സത്യസന്ധനും കൃത്യനിഷ്ഠയുമുള്ള ഒരു യുവാവാണ്. മുല്ലക്കൽ വാർഡിലെ ചില സ്വർണ്ണാഭരണക്കാരുടെ സ്റ്റണ്ട് വിദ്യകേസരി അടുത്തതിൽ എഴുതാം. പുത്തനങ്ങാടിയിലുള്ള ഒരു റേഷൻ കരിംചന്തക്കാരൻെറ വിശദവിവരം അടുത്തതിൽ. ബോട്ടുകടവിൽ ശ്രീകൃഷ്ണഭവാൻ ചോററിഹോട്ടൽ യാത്രക്കാർക്ക് ഒരനുഗ്രഹമാണ്. ഉദയാസ്ററുഡിയോവിൽ ശ്രീ: കുഞ്ചാക്കോയുടെ ഉടമസ്ഥതയിൽ ഷൂട്ടിംഗ്നടക്കുന്ന ജീവിതനൗക എന്ന മലയാള ചലച്ചിത്രം അടുത്തുതന്നെ റിലീസ് ചെയ്യുന്നതാണ്. ഇതുവരെ പുറത്തുവന്നിട്ടുള്ള മലയാളപടങ്ങളിൽ വച്ചു് ഏററവും നന്നായിരിക്കുമെന്നാണ് അറിയുവാൻ കഴിഞ്ഞതു്. അനുഗ്രഹിത കലാകാരനായ ശ്രീ: തിക്കുറിശ്ശി സുകുമാരൻനായരാണ് കഥാനായകനായി അഭിനയിക്കുന്നതു്.

കോട്ടയം:—കെ. കെ. റോഡിലെ ഒരു റേഷൻ ഡിപ്പോകാര്യം വഴിയേ. നിങ്ങളുടെ ബിസ്സിനസു അഭിവൃദ്ധിപ്പെടണമെങ്കിൽ ആസാദ് അഡ്വട്ടൈയിസ്മെൻറിനെ സമീപിക്കുക. ചില സ്വർണ്ണവ്യാപാരികളുടെ ക്ലിക്കുവേല അടുത്തതിൽ.

പോത്തൻകോട്ട്.—മാസികവിലാസക്കാർക്ക് കിട്ടുന്നില്ലെന്നു അടിക്കടി പരാതികൾ പറയുന്നു.

(അഞ്ചൽക്കുഴപ്പം)

കഴക്കൂട്ടം:—ആററിപ്ര പകുതിയിലെ ചില റേഷൻ കരിംചന്തക്കാരുടെ ലിസ്റ്റ് അടുത്തതിൽ. അഞ്ചലിൽ അയക്കുന്ന മാസികവിലാസക്കാർക്ക് കൊടുക്കുന്നില്ലപോലും.

(അഞ്ചൽക്കുഴപ്പം)

കരിയം:—സ്കൂളിനുസമീപം ചുതുകളിപുരോഗതിയിൽതന്നെ. പൗഡികോണത്തെ ഒരു റേഷൻഡിപ്പോയും വിതരണവും അടുത്തതിൽ.

(അഞ്ചൽക്കുഴപ്പം)

മുതുവിള:—പുലയൻെറ ആധാരമെഴുത്തും 12-ാം ബ ലും ഇളമ്പയുടെ തട്ടിപ്പുമടുത്തതിൽ.

കൊല്ലം:—കാട്ടൺമില്ലിൽ ചെല്ലുന്ന മാസികകളെ വിഴുങ്ങുന്ന ഭൂതത്തിനെ അറിയാം.

കടക്കൽ:—സാനിട്ടറിക്കു എൻ. എ. ബി. നല്ലതാണേ. കൗത്തമാർക്കററ്. രൂപക്കു 32 ചക്രപ്പിരിവും ചിലക്കു അഭിവൃദ്ധികരം. പ്ലഷർകാറിലെ റേഷൻ കൊണ്ടുവരവ് കാർഡുടമസ്ഥർക്കു ദോഷമാണുപോലും. അടിയന്തിരവും ചാർജ്ജുകേസും അടുത്തതിൽ.

(അഞ്ചൽക്കുഴപ്പം)

ചിതറ:—പള്ളിയിലെ ലബ്ബയെമാററിയിട്ടും വഴക്കുതീരുന്നില്ല. കാരണങ്ങൾ അടുത്തതിൽ. വായനശാല അഭിവൃദ്ധിയിൽ. വേങ്കോട്ടു ചരുപ്പിലെ കപ്പക്കലയും ഗാർഡുസാറും വരുന്നു.

(അഞ്ചൽക്കുഴപ്പം)

തോന്നക്കൽ:—പുളിമൂട്ടുപാലത്തിനു ഏഴരശനി തുടങ്ങിയിട്ടു രണ്ടുകൊല്ലമോ ?

(അഞ്ചൽക്കുഴപ്പം)

വാമനപുരം;—പുളിമാത്തു N. S. S. കരയോഗം ഭാരവാഹികളുടെ പരിശ്രമഫലമായി അഭിവൃദ്ധിയിലത്രെ. തിരുവാമനപുരം ക്ഷേത്രദേവൻെറ ശരീരത്തിലുള്ള വൃണങ്ങൾക്ക് ദേവസ്വം ബോർഡിൽ ധന്വന്തരി ഉണ്ടായിരുന്നിട്ടും ചികിത്സിക്കാത്തതു് അന്ധത നീക്കുവാൻവേണ്ടിയായിരിക്കാം. രജിസ്ട്രാരെക്കുറിച്ചുള്ള പരാതികളടുത്തതിൽ. കീഴായിക്കോണത്തു ചില മാന്യന്മാർ, റേഷൻസാധനങ്ങൾക്കു സ്പെഷ്യൽ മുൻഗണനകൾ ലഭിക്കാത്തതിനാൽ സാധു കച്ചവടക്കാരൻെറ പേരിൽ ദുഷ്പ്രചരണം നടത്തുന്നതിൽ അത്ഭുതപ്പെടാനില്ല. കാലം അതായിപ്പോയി. സ്ഥലത്തെ ആരോഗ്യപ്രദായിനി വൈദ്യശാല പുരോഗതിയിൽ. വാമനപുരത്തെ ചൂതുകളിക്കു ഗ്രാൻറു അനുവദിക്കാത്തതു കഷ്ടമത്രേ. 12 അണ വസൂലാകുന്നതുവരെ, വരിക്കാരെ പറഞ്ഞുതെററിക്കുന്ന ജോലിയിൽ മി. നാരായണപിള്ളയെ നിയമിച്ചിരിക്കുന്നു. നെല്ലുവാട്ടുകൊണ്ടുവച്ച അണമെച്ചംതന്നെ.

(അഞ്ചൽക്കുഴപ്പം.)

പുല്ലമ്പാറ:—അരുവിപ്പുറത്തു കടവിലുള്ള കടത്തുവള്ളക്കാരൻെറ ഉദാസീനതയിൽ യാത്രക്കാർ വിഷമിക്കുന്നു. ടി വള്ളം ചില പ്രൈവററു ആവശ്യങ്ങൾക്ക് അയാൾ ഉപയോഗിച്ചുവരുന്നതായും അറിയുന്നു. അധികൃതർ ഒന്നു ശ്രദ്ധിക്കണേ.

(അഞ്ചൽക്കുഴപ്പം)

ഭരതന്നൂർ:—ഗാർഡുസാറേ കാര്യങ്ങൾ പരസ്യമാണേ! ഹിന്ദുദേവാലയങ്ങൾ നശിപ്പിച്ചുവരുന്ന ഇക്കാലത്തു് സ്ഥലത്തെ ക്ഷേത്രത്തിലേക്കു വഴിയില്ലാത്തതു

ഉപകാരമെന്നുതന്നെ പറയാം. നശിപ്പിക്കുവാൻ പോകാനും വഴി ആവശ്യമല്ലേ. (അഞ്ചൽകുഴപ്പം.)

കല്ലറ:—പാങ്ങോട്ടു കല്ലറ റോഡു വാസ്തുവച്ചതു പോലിരിക്കുന്നു. ഇലക്ഷൻ പ്രചരണം ചിലർക്ക് പ്രയോജനപ്പെട്ടു. അടുത്തതിലേക്കു തയാറെടുക്കുകയായിരിക്കാം ഇനിയത്തെ ശ്രമം.

(അഞ്ചൽകുഴപ്പം.)

കുണ്ടറ:—കോമളവിലാസം ഹോട്ടൽ അഭിവൃദ്ധിയിൽ. എസ്. ഹമീദുഡാക്ടരുടെ ചികിത്സാപാടവം അനുമോദനാർഹമത്രേ. ഗുഡ്‌ലക്ബേക്കറി സന്ദർശിക്കുക. കുരുവിളയുടെ ദന്തചികിത്സ പുരോഗതിയിൽ.

(അഞ്ചൽക്കുഴപ്പം)

ചാത്തന്നൂർ:—രാമചന്ദ്രവിലാസം റെറീഷാപ്പ് ഭംഗിയിൽ നടക്കുന്നു. വക്കലെ യക്ഷിയുടെകാര്യമടുത്തതിൽ. (അഞ്ചൽക്കുഴപ്പം)

മയ്യനാട്ട്:—ഷൺമുഖവിലാസം റസ്റ്റാറൻറ് അഭിവൃദ്ധിയിൽ. തയ്യൽവേലകൾക്ക് കെ. കെ. ഇന്ദ്രസേനനെ സമീപിക്കുക. (അഞ്ചൽക്കുഴപ്പം)

കിളികൊല്ലൂർ:—രാമചന്ദ്രവിലാസം ഹോട്ടൽ സന്ദർശിക്കുക. മങ്ങാട്ടു സഹകരണസംഘത്തിൽ സിക്രട്ടറിഉദ്യോഗസമരം ലജ്ജാവഹം. കുറീച്ചിറ വിവേകാനന്ദവിലാസം വൈദ്യശാല ഉത്തരോത്തരം അഭിവൃദ്ധിയിൽ. (അഞ്ചൽക്കുഴപ്പം)

മുഖത്തല:—മാധവൻപിള്ളആശാൻെറ പ്രശ്നഫലനിരൂപണത്തിൽ സർവ്വസമ്മതമത്രേ. ദാമോദരപ്പണിക്കരുടെ സ്റ്റേഷനറിക്കട സന്ദർശിക്കുക.

(അഞ്ചൽക്കുഴപ്പം)

കൊട്ടിയം:—ആനന്ദാപിച്ചർപാലസ് അഭിവൃദ്ധിയിൽ. മാനേജർ സമർത്ഥനത്രേ. ജമ്മൻപിച്ചിലാട്ടത്തിനു സക്കാർവൈദ്യനെ സമീപിക്കുക. ഗോപാലപിള്ളയുടെ റെറീഷാപ്പ് പുരോഗതിയിൽ.

(അഞ്ചൽക്കുഴപ്പം)

പനവൂർ:—ചൃമ്മാ പ്രമാണികൾ ഓസുവായനയും മററുള്ളവരെ ആക്ഷേപിക്കലും നിറുത്തണേ. കരിഞ്ചെന്ത അഭിവൃദ്ധിയിൽ. വെള്ളാഞ്ചിറവരെ നീണ്ട പ്രണയസംഗതി അടുത്തതിൽ. (അഞ്ചൽക്കുഴപ്പം)

നെടുമങ്ങാട്ട്:—റേഷൻ ഹോൾസെയിൽ ശ്രീ. എസ്സ് അരുണാചലംപിള്ളയേപ്പററി ചില അസൂയകുക്ഷികളായ പത്രക്കാർ ദുരുദ്ദേശപരമായ ന്യൂസുകൾ എഴുതിവിടുന്നതു ശരിയല്ലെന്നു സ്ഥലവാസികൾ പറയുന്നു. മി. പിള്ള പൊതുവേ പരോപകാരിയാണെന്നാണു ഞങ്ങളുടെ പക്ഷം. സത്രം ഇടവഴിയിൽകൂടി രാത്രികാലങ്ങളിൽ അരി പറന്നുപോകുന്നതായി ററൗണിൻെറ നാനാഭാഗത്തും ഒരു സംസാരം നടക്കുന്നു. റേഷനിംഗ് ആഫീസ് ഹെഡ്ക്ലാക്ക് സ്വാമി കൃത്യനിഷ്ഠയുള്ള ഒരു യുവാവാണ്. അംബികവിലാസം റെസ്റ്റാറൻറ് പൂർവ്വാധികം ഭംഗിയിൽ. അഞ്ചലാഫീസിൻെറ അകവശത്തുള്ളവാതൽ വഴിയക്ഷികൾ വട്ടികണക്കിനു അരികൊണ്ടുവരുന്നതായി ശ്രീ. ഗോവിന്ദപിള്ളയുടെ ഹോട്ടലിൽ ഊണുകഴിക്കുന്നചില മാന്യന്മാരുടെ സംസാരവിഷയമിതാണ്. എസ്സ്. പി. യുടെ ഹോട്ടലും, എസ്സ്. കെ. വി.യും ഒന്നിനു ഒന്നുമെച്ചം. വിശ്വകേരളം വിശേഷാൽപ്രതി കച്ചേരിനടയിൽ മി. തങ്കപ്പൻപിള്ളയുടെ കടയിൽകിട്ടുന്നതാണ്. ഇ. എച്ച്. സ്കൂളിൽ ഒരു സ്വയം പ്രകാശിക്കുന്ന പ്രഭയുടെ കിരണങ്ങൾ തെളിഞ്ഞു പതിയുന്നുണ്ടു. ആനാട്ട് മി. കൃഷ്ണപ്പണിക്കരുടെ വിതരണത്തിൽ പലക്കും അസൂയയുള്ളതായി അറിയുന്നു. സത്യസന്ധനായ മി. പണിക്കരുടെ വിതരണം സത്യസന്ധതയിൽതന്നെ. (അഞ്ചൽക്കുഴപ്പം)

പാലോട്ട്;—പാർവ്വത്യകാർ ഇപ്പോഴത്തെ മന്ത്രിമാരുടെ ഭരണം തൃപ്തികരമല്ലെന്നു പറഞ്ഞുനടക്കുന്ന വിവരം വിശദമായി അടുത്തതിൽ.

ആററിങ്ങൽ:—പുതിയ മുൻസിപ്പൽ പാക്കിനു സ്വാഗതം.രജി: കച്ചേരിയിൽനിന്നും ചെടി മോഷണം പോയെന്നും പിറേറദിവസം രാവിലെ മുൻസിപ്പൽ പാക്കിൽ നട്ടുപിടിപ്പിച്ചിരിക്കുന്നതായും പൊതുജനങ്ങൾ നാട്ടനീളെപറയുന്നു. അതു ഏതായാലും മോശം തന്നെ. ബുക്കുബൈണ്ടു് ഡെയിൽസുമാൻ മി. കഞ്ഞുരാമൻനായരുടെസേവനം ടികമ്പനിക്കുഒരനുഗ്രഹമാണ്. അഞ്ചലാഫീസ് നടയിൽമി ഭാർഗ്ഗവൻനായരുടെപുഷ്പവ്യാപാരശാലയിലെ പുഷ്പത്തിൻെറ സുഗന്ധം കച്ചേരിക്കകത്തും അടിക്കുന്നുണ്ടു്. കഴിഞ്ഞലക്കത്തിൽ തോട്ടക്കാട്ടുനിന്നും വരുന്ന ഒരു വിദ്യാർത്ഥിനിയേപ്പററി ചേത്തിരുന്നവാർത്ത തോട്ടക്കാട്ടുശ്ശേരിയെന്നു തിരുത്തിവായിക്കേണ്ടതാണ്. രുചിയും, ശുചിയുമുള്ള ആഹാരപാനീയങ്ങൾക്ക് അംബികവിലാസം റെസ്റ്റാറൻറിനെസമീപിക്കുക. E H. സ്കൂളിലെ അസി. ഹെഡ്മാസ്റ്റർ 40 രൂപായും വാഴക്കുലയും മററും സംഗതികൾ പത്രങ്ങൾ തുറന്നുപറഞ്ഞതിനു സാധുക്കളായ ചില കുട്ടികളുടെമേൽ കുതിരകയറാൻ ശ്രമിക്കുന്നതു കഷ്ടമല്ലേ സാറേ. സാറിൻെറ ഡിമാലഗുണ്ടൻ പ്രയോഗരീതികൾ അന്വേഷിച്ചിക്കുന്നു. (വി. കേ. വ.)

പ്രാവച്ചമ്പലം:—ഒരു സുന്ദരപണിക്കരുടെ ജൗളിക്കടയിൽ തുണിവാങ്ങാൻചെല്ലുന്ന സ്ത്രീകളെ അധികം നിറുത്തി താമസിപ്പിക്കരുതേ. (അഞ്ചൽക്കുഴപ്പം)

കേരളപുരം:—ഗ്രാമോദ്ധാരണപബ്ളിക്‌ലൈബ്രറി ഏതാനും വ്യക്തികളുടേതുമാത്രമോ? ഗ്രാൻറുകിട്ടുന്ന പണം പ്രസവശുശ്രൂഷക്കല്ല? പ്രവർത്തകരു് സൂക്ഷിക്കണേ. അധികാരികളുണ്ടെങ്കിൽ ശ്രദ്ധിക്കണേ!

വലിയവീട്ടിലെ കുളിമുറിയിൽനന്നു് കന്നാകന്നാ ഇരുട്ടത്തു് പടിഞ്ഞാറുവശത്തെ നെല്ലിമരത്തിൻെറ കീഴിൽകൂടി പാഞ്ഞുപോയ ദൈവദൂതനെ പിടികിട്ടി.

ഭഗവതി നേരെ വീട്ടിലേയ്ക്ക്. എ. ഉം. തെറിഞ്ഞേ. തെറിഞ്ഞ്. വിശദവിവരം അടുത്തതിൽ.

ചെപ്പള്ളിവിളയിൽ നാണുപിള്ളയുടെ വെട്ട് കേരളപുരത്തേയ്ക്ക് ഉരുണ്ടുവന്നാൽ പൊട്ടിപ്പോകാനിടയുണ്ടെന്ന് ഒരു സംസാരബഹളം. എല്ലുകൾ സൂക്ഷിക്കണേ!! (അഞ്ചൽക്കുഴപ്പം)

ചെറമൂട്:—തുലയിൽ നാരായണൻ ഉണ്ണിത്താൻെറ റേഷൻവ്യാപാരം ഇങ്ങനെയോ? മുലയും തലയുമുള്ള കണ്ടാൽകൊള്ളാവുന്ന പെൺപിള്ളരു ചെന്നാൽഅരിക്കു പഞ്ഞമില്ലെന്ന് ഒരു പിറുപിറുപ്പ്. തന്നെയുമല്ല! അതും സന്ധ്യകഴിഞ്ഞുചെന്നാൽ. പൊന്നോ അപകടമാണേ! കൊല്ലം റേഷനിംഗ് ആഫീസ്സർ വെറും നക്കാപിച്ചാ ഇതിൻെറയൊക്കെയർത്ഥം. ഈയിടെയായി കേരളപുരത്തുനിന്ന് പഞ്ചാരവാങ്ങാൻചെന്ന കോട്ട പപ്പുപിള്ളയുടെ കൊങ്ങായ്ക്കുപിടിയ്ക്കാൻചെന്നെന്നോ തംഴ്നാപടിൽ പരസ്പരം അല്പം എന്തൊക്കെയോ നടന്നെന്നോ, കുണ്ടറ, പോലീസ് ഇൻസ്പെക്ടർ ന്യായത്തിൻെറ മുമ്പിൽ ത്രിശങ്കു സ്വർഗ്ഗംനോക്കി ഇരുപ്പായിപ്പോയെന്നോ ഒക്കെ ഒരു വെപ്രാളം, പുറകേവരുന്നു കൂടുതൽവിവരം.

(അഞ്ചൽക്കുഴപ്പം)

ബാലരാമപുരം:—ശ്രീചിത്തിരതിരുനാൾ വായനശാലയോടനുബന്ധിച്ച വീട്ടിൽ 50 വയസിനുമേൽ വരുന്ന വൃക്കാരി അമ്മച്ചി പ്രേമത്തിൽ പ്രായവ്യത്യാസം നോക്കാതെ എസ്. എസ്. എം. കടയിൽ ഫക്കീരനുജനെക്കൂടി ജേഷ്ടനു ചേക്കാൻ നാണമില്ലല്ലോ.

വി. പി. പി. യുടെ കരിഞ്ചന്ത ചന്തകൾ വഴി 4 രൂ. 8 ണ. റേററിൽ പറക്കുന്നതു പലപ്പോഴും കാണുന്നുണ്ടു സാറേ! (അഞ്ചൽകുഴപ്പം.)

ആര്യനാട്:—"ചാങ്ങ കത്തോലിക്കാ" പ്രൈമറിസ്കൂളിലെ മൈക്കണ്ണി, തരുണമാരിണി, വാസവദത്തേ വാദ്ധ്യാരിണി, കടക്കണ്ണു ലാജഞയും വാങ്ങിയുള്ള വരവ്,—പോക്കു്, മതിയാക്കണേ; ചെറുപ്പക്കാരെ കറക്കല്ലേ? (അഞ്ചൽകുഴപ്പം)

ചൂഴ;—കൊച്ചുപാറ "അക്കോ" ലീലക്രീഗ്രണിയായ"അല്ലയോ" ചൂഴയിൽ വാസിനി, ഭവതിയുടെ കാമാതുരശാല അഭിവൃത്തിപ്പെടുത്തരുതു്.

(അഞ്ചൽക്കുഴപ്പം)

ഉള്ളൂർ:—അഞ്ചലിൽ അയക്കുന്ന മാസികകളും വിഴുങ്ങുപോലും. പത്രാധിപരുടെ സ്ഥലമാണോ! വരിക്കാക്കു് മാസികകൊടുത്തില്ലെങ്കിൽ മോശമാണേ!

വക്കല:—കിളിത്തട്ടുമുക്കിനു സമീപം ഒരു "ഗീർവണകേസിരി കമ്പനി രൂപീകൃതമായിരിക്കുന്നുപോലും. വെറുതെ ടി. പി. യുടെ ബിക്കൻസ്‌വാങ്ങാൻ ഇടയാക്കരുതേ! ജനാർദ്ദനവിലാസം പി. എസ്സ്. സമീപമുള്ള റേഷൻ പരാതികൾവരുന്നു. 32-ാംനമ്പർ നല്ലതുപോലെതന്നെ. (അഞ്ചൽക്കുഴപ്പ്)

വക്കം:—പാരമ്പര്യഫാർമസിയിൽ രോഗികൾ ചെന്നു വൈദ്യനില്ലേ എന്നുചോദിച്ചാൽ ഇല്ല എന്നു വൈദ്യൻതന്നെ മറുപടിപറയുന്നുപോലും ഇതിൻെറ രഹസ്യം വഴിയേപറയാം. (അഞ്ചൽക്കുഴപ്പം)

വിളഭാഗം:—കെ. നാരായണൻ മുതലാളി പത്രക്കാരേയും ഏമാത്താമെന്നോ! കൊള്ളാം പക്ഷേ.......

(അഞ്ചൽക്കുഴപ്പം)

ഒററൂർ;—ശ്രീ. മാധവൻെറ കട ബഹുമാനപ്പെട്ട തഹശിൽദാർ അടിക്കടി ഒന്നു പരിശോധിച്ചാൽ കൊള്ളാം. (അഞ്ചൽകുഴപ്പം)

പലവക:—ചിറയിൻകീഴ് കൂന്തള്ളൂർ മുസ്ലീം പി. എസ്. ഹെഡ്മാസ്റ്റർ സഹപ്രവർത്തകരുടെ വിശ്വാസവഞ്ചനയിൽ കുടുങ്ങാതെ സൂക്ഷിക്കണേ!

---


കായംകുളത്തുവരുമ്പോൾ

ബസ്സ്സ്റ്റാൻഡിൽ റോഡിൻെറ പടിഞ്ഞാറുഭാഗത്തു കാണുന്ന

ബോർഡു സൂക്ഷിക്കുക!

ഭഗവതിവിലാസം ഹോട്ടൽ & ററിഷാപ്പ്

സന്ദർശിക്കുവിൻ! * * പ്രൊ: പി. കുട്ടൻപിള്ള.

# മൂന്നു വർഷത്തിനകം

## മെട്രിക്കുലേഷൻ ജയിക്കാം

ആദ്യമായി ഇംഗ്ലീഷ് അക്ഷരമാല തുടങ്ങി നലാംഫാറത്തിനു തുല്യമായ ഇംഗ്ലീഷ് പരിജ്ഞാനം സമ്പാദിക്കുന്നതിനു ഒരുകൊല്ലം.

★

രണ്ടാമതായി ഇംഗ്ലീഷ്, മെട്രിക്കുലേഷൻ പരീക്ഷയ്ക്കു പഠിക്കേണ്ട വിഷയങ്ങളുടെ പ്രാഥമികപാഠങ്ങളും പൂർത്തിയാക്കുന്നതിന് ഒരുകൊല്ലം.

★

മൂന്നാമതായി മാദ്രാസ് മെട്രിക്കുലേഷൻ പരീക്ഷയ്ക്കാവശ്യമുള്ള വിഷയങ്ങൾ പഠിക്കുന്നതിനു ഒരുകൊല്ലം.

★

ഇപ്രകാരം ഇന്നു ഇംഗ്ലീഷ് അക്ഷരമാലപോലും വശമില്ലാത്ത ഒരാൾക്കു മൂന്നു വർഷത്തിനകം മദ്രാസ് മെട്രിക്കുലേഷൻ ജയിക്കാം. പിന്നീട് ഇൻറർമീഡിയററ്, ബി. ഏ. മുതലായ ഉന്നതപരീക്ഷകളും. അപേക്ഷകർ ഏതു ക്ലാസ്സുവരെ പഠിച്ചിട്ടുണ്ടെന്നു കാണിച്ചു കൂടുതൽ വിവരത്തിന് രണ്ടണ സ്റ്റാമ്പു സഹിതം അപേക്ഷിക്കുക.

മാനേജർ **കേംബ്രിഡ്ജ് കാളേജ്**

കൈതമുക്കു, (V. K.) തിരുവനന്തപുരം.

N. B. E. S. L. C. ജയിച്ചു കാളേജ് വിദ്യാഭ്യാസത്തിനു സൌകര്യം ലഭിച്ചിട്ടില്ലാത്തവർക്ക് പ്രൈവററായി Intermediate ജയിക്കാം. പൂർണ്ണവിവരത്തിന് 4-ണ സ്റ്റാമ്പുസഹിതം അപേക്ഷിക്കുക.

SWALLOW
TRADE MARK
BRAND

BROWN WINDSOR
TROM
SOAP.

സ്വാളോബ്രാൻറ സോപ്പുകൾ

ബാർ—ടബ്ലിൻ—ക്യൂബ് മുതലായവ

പല സൈസിലും കിട്ടുന്നതാണ്.

സ്വാളോബ്രാൻറ ബ്രൗൺവിൻസർ ഇതു പുതിയ കണ്ടുപിടിത്തം അനുസരിച്ചു സഹായ വിലക്ക് ലഭിക്കുന്നതിന് ആകർഷകമായ സൈസിൽ ഉണ്ടാക്കപ്പെട്ടിട്ടുള്ളതാണ്.

ഇതിൻെറ പ്രത്യേകത

ആകർഷകമായ നിറം—

ഹൃദ്യമായ വാസന.

ട്രാവൻകൂർ ഓയിൽമിൽസ്

ആലപ്പുഴ.

# റീഗൽകഫേ

ഫോൺ 278

പാളയം, തിരുവനന്തപുരം.

താമസത്തിനും വേണ്ട സകല സജ്ജീകരണങ്ങളും; യൂറോപ്യൻ രീതിയിലും; ഇൻഡ്യൻ രീതിയിലുമുള്ള എല്ലാവിധ ഭക്ഷണങ്ങളും എപ്പോഴും തയ്യാറുള്ളതുമാകുന്നു.

**Prop: പി. വേലായുധൻ**

രക്ഷാകേന്ദ്രം

ശശാങ്ക

മൂത്രാശയരോഗങ്ങൾ പിടിപെട്ട് യാതൊന്നുകൊണ്ടും ആശ്വാസം കാണാതെ പരവശപ്പെട്ട് വലയുന്ന സഹോദരീസഹോദരന്മാർക്ക് പൂർണ്ണാശ്വാസപ്രദമായ ഒരേ ഒരു രക്ഷാകേന്ദ്രമാണ് ശശാങ്ക! സ്ഖലനം, പഴുപ്പുപോക്ക്, പ്രമേഹം, മൂത്രച്ചൂട്, മൂത്രത്തിലുള്ള അടപ്പ്, (കലക്കൽ) വയറെരിച്ചിൽ, അസ്ഥിസ്രാവം (സ്ത്രീകൾക്കുണ്ടാകുന്ന വെള്ളപോക്ക്) രക്തംപോക്ക് ഇവകൾക്കും ഉഷ്ണസംബന്ധമായ രോഗങ്ങൾക്കും ഒരുപോലെ ആശ്വാസകരം.

24 നേരത്തേക്കുള്ള പാക്കററൊന്നിന്, വില 3 രൂ. പാക്കിംഗ് പോസ്റ്റേജ് പ്രത്യേകം.

ചീഫ് വൈദ്യൻ

S. S. പിള്ള

വിജയാഫാർമസി,

P. O. മാവേലിക്കര, തിരുവിതാംകൂർ


തിരുവനന്തപുരം പി. കെ. മെമ്മോറിയൽ പ്രസ്സിൽ അച്ചടിപ്പിച്ച് ആർ. കൃഷ്ണൻനായർ ആററിങ്ങൽനിന്നു